വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

## രക്തസാക്ഷിത്വം : വനിതകളുടെ വിശ്വസിനിമയിൽ

**Inauguration by**
**Dr. Aswathy Sreenivas IAS**
**Tvpm Dist. Dev. Commissioner**
**& Sub Collector**

***25th May Thursday***
***9:30 AM to 7:45 PM***
**State Central Library**
**Malayalam section hall**

**May Film Fest 2023 based on a theme of Martyrdom directed by Women Directors in World Cinema**













**Rosa Luxembourg**
**Dir. Margreta Von Trotta**
**Germany**

**Suffragette**
**Dir. Sarah Gavron**
**UK**

**Seven Beauties**
**Dir. Lina Wertmuller**
**Italy**

**The Unburied Man**
**Dir. Marta Meszaros**
**Hungary**

Filca Film Society
In association with State Central Library,
Kerala State Chalachithra Academy,
Beam Film Society,



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

**ഡോ. ആർ. ബിന്ദു**
ഉന്നതവിദ്യാഭ്യാസവും
സാമൂഹ്യനീതിയും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
തീയതി 11-05-23



## ആശംസകൾ!

ചലച്ചിത്രകലയെ ജനങ്ങളുമായി ബന്ധപ്പെടുത്തുന്നതിലെ മുൻനിര പ്രവർത്തകരായ തിരുവനന്തപുരം ഫിൽക്ക ഫിലിം സൊസൈറ്റി ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് പ്രവേശിക്കുന്നതറിഞ്ഞ് ഏറ്റവും സന്തോഷിക്കുന്നു.

ചലച്ചിത്ര കാൽനൂറ്റാണ്ട് തികയ്ക്കുന്നതിന്റെ ആഘോഷം വ്യത്യസ്തമായ ചലച്ചിത്രമേളയായി അടയാളപ്പെടുത്തുന്നത് കൂടുതൽ ആകർഷകമായിരിക്കുന്നു. രക്തസാക്ഷിത്വമെന്ന വിഷയത്തിൽ ഊന്നുന്നതുകൊണ്ടും വിശ്വഖ്യാതിയുള്ള നാല് വനിതാ ചലച്ചിത്രകാരികളുടെ തിരഞ്ഞെടുപ്പുകൊണ്ടും ഈ മേള ഫിൽക്കയുടെ നാൾവഴിയിൽ ചരിത്രമായി മാറും.

ഫിൽക്കയുടെ ഇരുപത്തിയഞ്ചാം പിറന്നാളിനും വിശേഷാൽ ചലച്ചിത്രമേളയ്ക്കും ഹൃദയാഭിവാദനങ്ങൾ നേരുന്നു.

സ്നേഹത്തോടെ,

**ഡോ. ആർ ബിന്ദു**

ഓഫീസ് : റൂം നമ്പർ 301, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
ഫോൺ-ഓഫീസ് : 0471-2327574 വസതി : 0471-2334133 മൊബൈൽ : 9447741385
ഇ-മെയിൽ : r.bindu@kerala.gov.in minhednsjd@gmail.com

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

**25th May Thursday 2023**
**State Central Library Malayalam Section Hall**
**9:30 AM**



**Inauguration** : **Dr. Aswathy Sreenivas IAS,**
(Tvpm Dist. Dev.Commissioner & Sub Collector)



**Chief Guest** : **Dr. B. Sandhya IPS**



Welcome, Felicitation, Gratitude : **Dr. B. Radhakrishnan**
( Filca )



: **P. K. Shobhana**
( State Librarian ),



: **Sabu Sankar**
( Novelist, Film Writer & Chief Correspondent to Nerkazhcha weekly, USA )



: **Girija Surendran**
(Actress )

**FILCA Film Society**
**In association with**
**State Central Library,**
**Kerala State Chalachithra Academy,**
**Beam Film Society,**

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

**25 Thursday May 2023**
**State Central Library Malayalam section hall**

## Screening Program

**9:30 AM**

Inauguration & Film
Rosa Luxembourg / Germany / 1986/ 123 Min. /
Dir. Margreta Von Trotta



**12:40 PM - 2:26 PM**



Suffragette /UK/ 2015/ 106 Min. /
Dir.Sarah Gavron

**3:10 PM- 5:05 PM**

Seven Beautifuls / Italy / 1975/ 115 Min. /
Dir. Lina Wertmuller



**5:15 PM - 7:22 PM**

Unburied Man / Hungary / 2004/ 127 Min. /
Dir. Marta Meszaros



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## സ്വതന്ത്ര സിനിമയെയും ചലച്ചിത്ര കലയുടെ സാക്ഷരതയെയും പ്രോത്സാഹിപ്പിക്കുന്നത് ഫിലിം സൊസൈറ്റികൾ:

### സൂര്യ കൃഷ്ണമൂർത്തി



ഫിൽക്ക ഫിലിം സൊസൈറ്റി, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെയും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെയും സഹകരണത്തോടെ സംഘടിപ്പിച്ച ബംഗാളി ഫിലിം ഫെസ്റ്റിവൽ സൂര്യ കൃഷ്ണമൂർത്തി ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയെ തലസ്ഥാന നഗരിയിലെ സാംസ്കാരിക കേന്ദ്രമാക്കാനുള്ള വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി പ്രതിമാസ മേളകൾ സംഘടിപ്പിക്കുന്നത്. സിൽവർ ജൂബിലിയിലേക്ക് പ്രവേശിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റി പ്രത്യേക പ്രമേയങ്ങൾ അടിസ്ഥാനമാക്കി സിനിമകൾ അവതരിപ്പിക്കുന്നു. കൂടാതെ ചലച്ചിത്ര ആസ്വാദനത്തിന് ഡിജിറ്റൽ മാഗസിനും പ്രസിദ്ധീകരിക്കുന്നു. ഇത് www.filca. in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഇതിൽ പുതിയ ചലച്ചിത്ര നിരൂപകരുടെ രചനകൾ ഉൾപ്പെടുത്തും.

ചലച്ചിത്ര മേളയിൽ പ്രവേശനം സൗജന്യമായിരിക്കും.

റിസർവേഷൻ സീറ്റുകൾ ഫിൽക്ക വഴി മുൻകൂർ രജിസ്റ്റർ ചെയ്യാം. വിവിധ കലാ സാംസ്കാരിക സംഘടനകൾക്കും പങ്കുചേരാം. സ്വതന്ത്ര സിനിമയെയും ചലച്ചിത്ര കലയുടെ സാക്ഷരതയെയും പ്രോത്സാഹിപ്പിക്കുന്നത് ഫിലിം സൊസൈറ്റികൾ : സൂര്യ കൃഷ്ണമൂർത്തി .







വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

. ഉദ്ഘാടന ചടങ്ങിൽ സാബു ശങ്കർ, ഡോ. ബി. രാധാകൃഷ്ണൻ, സ്റ്റേറ്റ് ലൈബ്രേറിയൻ പി. കെ. ശോഭന, സൂര്യ കൃഷ്ണമൂർത്തി, ഡോ. ശ്രീകുമാർ ചതോപാധ്യായ, സുരേഷ് കുമാർ. സി, ഗിരിജ സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു. സത്യജിത് റായിയുടെ നായക്, മൃണാൾ സെന്നിന്റെ അന്തരീൻ, ഋത്വിക് ഘട്ടകിന്റെ അജാന്ത്രിക്, ഗൗതം ഘോഷിന്റെ അന്തർജലി യാത്ര എന്നീ സിനിമകൾ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി മലയാളം വിഭാഗം ഹാളിൽ പ്രദർശിപ്പിച്ചു. ഡോ. സാബു ശങ്കർ, ഡോ. ബി. രാധാകൃഷ്ണൻ, സ്റ്റേറ്റ് ലൈബ്രേറിയൻ പി. കെ. ശോഭന, സൂര്യ കൃഷ്ണമൂർത്തി, ഡോ. ശ്രീകുമാർ ചതോപാധ്യായ, ബീം ഫിലിം സൊസൈറ്റി സെക്രട്ടറി സുരേഷ് കുമാർ. സി, അഭിനേത്രി ഗിരിജ സുരേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.















വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

കാർഷികാഭിവൃദ്ധിയും ഗ്രാമങ്ങളുടെ സമഗ്ര വികസനവും ലക്ഷ്യമാക്കി

**അതിവേഗ വായ്പ സേവനങ്ങളുമായി മുന്നോട്ട്...**

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും,
പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും കൂടി ചേർന്ന്

❖ "നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി"
(ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി)
ആകർഷണീയമായ വ്യവസ്ഥയിൽ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

❖ "ഗുഡ്പേ മാസ്റ്റർ"പദ്ധതി
കൃത്യമായ വായ്പ തിരിച്ചടവിന് പലിശ ഇളവ്....

**ആവശ്യമേതുമാകട്ടെ**

കൃഷി • വ്യവസായം • ഭവനം • വ്യാപാരം • വാഹനം
സ്വർണ്ണപ്പണയം • ഫാം ടൂറിസം • വസ്തു വാങ്ങൽ
പ്രതിമാസ സമ്പാദ്യ പദ്ധതി • സ്ഥിര നിക്ഷേപ പദ്ധതി
• വിദ്യാഭ്യാസം • കിസാൻ സമൃദ്ധി

➤ മിതവും സുതാര്യവുമായ പലിശനിരക്ക് ➤ സ്വീകാര്യമായ വ്യവസ്ഥകൾ ➤ നിക്ഷേപങ്ങൾക്ക് ആകർഷമായ പലിശനിരക്ക്

വായ്പകൾ താലൂക്കടിസ്ഥാനത്തിലുള്ള 77 പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി

**കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ക്ലിപ്തം.**
തിരുവനന്തപുരം, ഫോൺ: 0471-2460595
Web: www.keralalandbank.org E-mail: ho.cardbank@gmail.com

Administrator: Jothy Prasad.R
Managing Director: Parvathy Nair.K.L

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION


കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## റോസാ ലക്സംബെർഗിനെ ഓർക്കുമ്പോൾ...

ഡോ.നജ്മ.എ.സലാം



1871 -ൽ പോളണ്ടിലെ ഒരു ചെറിയ പട്ടണത്തി ൽ ഒരു ജൂത കുടും ബത്തിലാണ് റൊ സാ ലി യ ലക്സം ബെ ർഗ് എന്ന റോസാ ലക്സം ബെ ർഗ് പിറന്നത് .അഞ്ചു വയസ്സുള്ളപ്പോ ൾ ഇടുപ്പിനുണ്ടായ ശാരീരിക പ്രശ്നം മൂലം ഒരുകാലി ന് മുടന്തുണ്ടായി ശാരീരിക പ്രശ്നങ്ങൾക്കിടയിലും ബുദ്ധി വികാസം തകൃതി യായി നടന്നു. റോസയ്ക്ക് അവളുടേതായ ചോദ്യങ്ങളും ഉത്തരങ്ങളും ഉണ്ടായിരുന്നു . അവ ഉറക്കെ പറയാനുള്ള ധൈര്യവും . എല്ലാ കഷ്ടപ്പാടുകളും മറഞ്ഞിരിക്കുന്ന കയ്പ്പേറി യ കണ്ണീരിനാൽ സമ്പന്നരുടെ മനഃസാക്ഷിയെ തൊട്ടുണർത്താൻ ഞാൻ ആഗ്രഹിക്കുന്നു ‘ എന്ന് കുട്ടിയായ റോസാ തന്റെ മനസ്സിൽ കോറിയിട്ടു . ചെറുപ്പത്തിൽ തന്നെ കമ്മ്യൂ ണിസ്റ്റ് മാനിഫെസ്റ്റോയും ദസ് ക്യാപിറ്റലും മറ്റും വായിക്കുന്ന റോസാ പിന്നീട് തീവ്രമാ യ പഠനത്തിലും പരീക്ഷണങ്ങളിലും ഏർപ്പെടുന്നുണ്ട് .അതിനാൽ തന്നെ മുതാലാളി ത്തത്തെ അതിന്റെ വൈരുധ്യങ്ങളോടെ ആഴത്തിൽ വിശകലനം ചെയ്യാൻ അവൾക്ക് സാ ധിച്ചു . സൂറിച്ച് യൂണിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ , ‘ പോളണ്ടിന്റെ വ്യാവസായിക വികസനം ‘ എന്ന വിഷയത്തിൽ ഗവേഷണം നിർവഹിച്ചു . എല്ലാറ്റിനെയും ചോദ്യം ചെയ്തുകൊണ്ട് തന്റെ രാഷ്ട്രീയ വിവേകം വികസിപ്പിച്ച റോസാബേർൺസ്റ്റീ ന്റെ റിവിഷനിസത്തെ ആധികാരികതയോടെ വിമർശിച്ചു .






വിപ്ലവമില്ലാതെ സോഷ്യൽ ഡെമോക്രസി നിലനിൽക്കില്ല ‘ എന്ന് റോസാ ചൂണ്ടിക്കാട്ടി . മാർക്സിന്റെ ക്യാപിറ്റലിനെ വിശകലനം ചെയ്തുകൊണ്ട് ‘ മൂലധനത്തിന്റെ അതിസമ്പാദനം ‘ എന്ന കൃതി രചിച്ചു . പ്രസ്തുത കൃതിയിൽ ഇന്ത്യ അടക്കമുള്ള കോളനികളെ ചൂഷണം ചെയ്യുന്ന സാമ്രാജ്യത്വത്തിന്റെ വികൃതമുഖം അനാവരണം ചെയ്യുന്നുണ്ട് . സ്വിറ്റ്സർലൻഡി ലെ പഠനകാലത്തുതന്നെ

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



റോസാ സോഷ്യലിസ്റ്റ് സംഘത്തിന്റെ ഭാഗമായി. 1898 -ൽ ബെർലിനിൽ എത്തുന്ന റോസാ ലക്സംബെർഗ്, സോഷ്യലിസ്റ്റ് ഡെമോക്രറ്റിക് പാർട്ടി ‘യിൽ ചേർന്നു . യുദ്ധവിരുദ്ധരായ റോസയും കാൾലീബ്നെഷ്റ്റും ചേർന്ന് 1916 -ൽ ‘ ആന്റി -വാർ സ്പാർട്ടക്കസ് ലീഗ് ‘ സ്ഥാപിച്ചു. സ്പാർട്ടക്കസ് ലീഗ് ആണ് പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ജർമ്മനി ആയി മാറിയത് .

Reform or Revolution ,The Russian revolution , Accumulation of Capital, Leninism or Marxism, Socialism or Barbarism , What is Economics ?, Socialism and Churches തുടങ്ങിയ ഗ്രന്ഥങ്ങൾ ഇന്നും ഗവേഷകർക്ക് പഠന വിഷയമാണ് .




സോഷ്യൽ ഡെമോക്രസിയുടെയും തൊഴിലാളി വർഗ്ഗരാഷ്ട്രീയത്തിന്റെയും മറവിൽ ജർമ്മനിയിൽ അധികാരത്തിലേറിയ ബൂർഷ്വാവൈമർ ഗവൺമെന്റിന് എതിരായി സായുധവിപ്ലവം ആഹ്വാനം ചെയ്ത റോ സാ ലക്സം ബെർഗും കാൾ ലീ ബ്നെഷ്റ്റും അറസ്റ്റ് ചെയ്യപ്പെട്ടു . ഒട്ടേറെ പേർ രക്തസാക്ഷികളായ ജർമ്മൻ വിപ്ലവം പരാജയപ്പെട്ടതോടെ 1919 ജനുവരി15നു റോസാ ലക്സം ബെർഗിനെ അവർ താമസിച്ചിരുന്ന മുറിയിൽ നിന്ന് ജർമ്മൻ രഹസ്യ സൈന്യം പിടിച്ചു കൊണ്ടുപോയി വെടിവെച്ചു കൊന്നു . ശേഷം റോസയുടെ മൃതദേഹം ബെർലിനിലെ ലാൻഡ്‌വേർ കനാലിൽ വലിച്ചെറിഞ്ഞു . തൊഴിലാളി വർഗ്ഗത്തിന്റെ ഉന്നമനത്തെയും സ്ത്രീ വിമോചനത്തെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു പ്രവർത്തനപാത സൃഷ്ടിക്കാൻ റോസയ്ക്ക് കഴിഞ്ഞു . തന്റെ ജീവിതത്തി ലുടനീളം സ്വാതന്ത്ര്യവും ധൈര്യവും കൈ വിടാതെ പ്രവർത്തിച്ച റോസാ അടിച്ചമർത്തപ്പെടുന്നവർക്ക് എക്കാലവുംപോരാടാനുള്ള പ്രചോദനമായി നിലകൊള്ളും .

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം


ഫിലിം വിഷൻ

# 1956 ബുഡാപെസ്റ്റ് ; ഇമ്രേ നാഗി

ബീന മാത്യു



രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം സോവിയറ്റ് റഷ്യ അടക്കി ഭരിച്ച കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളായ ഹംഗറി, പോളണ്ട്, യൂഗോസ്ളോവ്യ, ചെക്കോസ്ളോവാക്യ, റൂമേനിയ, അർമേനിയ, ബൾഗേറിയ എന്നിങ്ങനെ വിവിധ ദേശങ്ങളിലെ വിമോചന സമരങ്ങൾ പൂർണ്ണമായും നിരോധിക്കപ്പെട്ടു . എന്നാൽ അതോടൊപ്പം ദേശീയ നിർണയ അവകാശ ചിന്തയും ജനാധിപത്യത്തിന് വേണ്ടിയുള്ള പ്രക്ഷോഭവും രൂപപ്പെടുവാനും തുടങ്ങി. ശക്തമായ രാഷ്ട്രീയ പരിവർത്തനത്തിലേക്ക് പ്രസ്ഥാനങ്ങൾ മുന്നോട്ട് നീങ്ങി .



സ്റ്റാലിന്റെ മരണശേഷം റഷ്യയിൽ ക്രൂഷ്ചോവ് അധികാരത്തിൽ വന്നു. 1950 കളിൽ സോവിയറ്റ് സൈനീക അധിനിവേശത്തിനെതിരായി കിഴക്കൻ യൂറോപ്പിലെ ജനങ്ങൾ അടക്കിവെച്ചിരുന്ന പ്രതിഷേധവൈകാരികത മെല്ലെ വെളിപ്പെടുവാൻ തുടങ്ങി. 1956 ൽ ഹഗറിയിലെ ബുഡാപെസ്റ്റിൽ ജനകീയ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. അതൊരു ജനകീയ വിപ്ലവമായിരുന്നു . എന്നാൽ ചില വിഭാഗങ്ങൾ അതിനെ പ്രതിവിപ്ലവം എന്ന് വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും അത് യഥാർത്ഥത്തിൽ ഹംഗേറിയൻ ജനതയുടെ ദേശീയ നിർണ്ണയ അവകാശത്തിന് വേണ്ടിയുള്ള പ്രക്ഷോഭമായിരുന്നു. ആ ബഹുജന പ്രകടനങ്ങളിൽ പ്രതിഫലിച്ചത് ജനാധിപത്യവൽക്കരണത്തിനായുള്ള ജനാഭിലാഷമായിരുന്നു. അങ്ങനെ ജനകീയ സർക്കാർ രൂപീകരിച്ചപ്പോൾ ഇമ്രേ നാഗി പ്രധാനമന്ത്രിയായി. എന്നാൽ അധികം നാൾ നാഗിക്ക് തുടരാനായില്ല. സോവിയറ്റ് പട്ടാളവും നൂറു കണക്കിന് സൈനീക ടാങ്കുകളും ബുഡാപെസ്റ്റ് വളഞ്ഞു. സോവിയറ്റ് സൈന്യം ഹംഗേറിയൻ ജനകീയ സർക്കാരിനെ നിഷ്ക്കാസനം ചെയ്തു . ബുഡാപെസ്റ്റിൽ സൈനീക നടപടികൾ രൂപം കൊണ്ടു. ഈ സമയം രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം സോവിയറ്റ് റഷ്യ അടക്കി ഭരിച്ച കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളായ ഹംഗറി, പോളണ്ട്,




ഫിലിം
വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

യൂഗോസ്ളോവ്യ, ചെക്കോസ്ളോവാക്യ, റുമേനിയ, അർമേനിയ, ബൾഗേറിയ എന്നിങ്ങനെ വിവിധ ദേശങ്ങളിലെ വിമോചന സമരങ്ങൾ പൂർണ്ണമായും നിരോധിക്കപ്പെട്ടു . എന്നാൽ അതോടൊപ്പം ദേശീയ നിർണയ അവകാശ ചിന്തയും ജനാധിപത്യത്തിന് വേണ്ടിയുള്ള പ്രക്ഷോഭവും രൂപപ്പെടുവാനും തുടങ്ങി. ശക്തമായ രാഷ്ട്രീയ പരിവർത്തനത്തിലേക്ക് പ്രസ്ഥാനങ്ങൾ മുന്നോട്ട് നീങ്ങി .




സ്റ്റാലിന്റെ മരണശേഷം റഷ്യയിൽ ക്രൂഷ്ചോവ് അധികാരത്തിൽ വന്നു. 1950 കളിൽ സോവിയറ്റ് സൈനീക അധിനിവേശത്തിനെതിരായി കിഴക്കൻ യൂറോപ്പിലെ ജനങ്ങൾ അടക്കിവെച്ചിരുന്ന പ്രതിഷേധവൈകാരികത മെല്ലെ വെളിപ്പെടുവാൻ തുടങ്ങി. 1956 ൽ ഹഗറിയിലെ ബുഡാപെസ്റ്റിൽ ജനകീയ പ്രക്ഷോഭം പൊട്ടിപ്പുറപ്പെട്ടു. അതൊരു ജനകീയ വിപ്ലവമായിരുന്നു . എന്നാൽ ചില വിഭാഗങ്ങൾ അതിനെ പ്രതിവിപ്ലവം എന്ന് വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും അത് യഥാർത്ഥത്തിൽ ഹംഗേറിയൻ ജനതയുടെ ദേശീയ നിർണ്ണയ അവകാശത്തിന് വേണ്ടിയുള്ള പ്രക്ഷോഭമായിരുന്നു. ആ ബഹുജന പ്രകടനങ്ങളിൽ പ്രതിഫലിച്ചത് ജനാധിപത്യവൽക്കരണത്തിനായുള്ള ജനാഭിലാഷമായിരുന്നു.

അങ്ങനെ ജനകീയ സർക്കാർ രൂപീകരിച്ചപ്പോൾ ഇമ്രേ നാഗി പ്രധാനമന്ത്രിയായി. എന്നാൽ അധികം നാൾ നാഗിക്ക് തുടരാനായില്ല. സോവിയറ്റ് പട്ടാളവും നൂറു കണക്കിന് സൈനീക ടാങ്കുകളും ബുഡാപെസ്റ്റ് വളഞ്ഞു. സോവിയറ്റ് സൈന്യം ഹംഗേറിയൻ ജനകീയ സർക്കാരിനെ നിഷ്ക്കാസനം ചെയ്തു . ബുഡാപെസ്റ്റിൽ സൈനീക നടപടികൾ രൂപം കൊണ്ടു. ഈ സമയം ഇമ്രേ നാഗിയും കുടുംബവും യൂഗോസ്ളോവ്യൻ എംബസ്സിയിൽ അഭയം തേടി. സോവിയറ്റ് സൈന്യത്തിന്റെ ഇടപെടലോടെ ഹംഗറിയിൽ പുതിയ സർക്കാർ രൂപം കൊണ്ടു. ജാനോസ് കേഡർ പ്രധാനമന്ത്രിയായി.

റഷ്യൻ സൈനീക പിന്തുണയോടെ പുതിയ ഭരണകൂടം പ്രലോഭനങ്ങളും വാഗ്ദാനങ്ങളുമായി നാഗിയേയും കുടുംബത്തെയും യുഗോസ്ളോവാക്യൻ എംബസ്സിയിൽ നിന്ന് , കൂടുതൽ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നു എന്ന വ്യാജേന, റൊമാനിയായിലേക്ക് കൊണ്ടു പോകുകയാണ് ചെയ്തത്. അവിടെ നാഗിയേയും ഭാര്യയേയും കുടുംബാംഗങ്ങളിൽ നിന്ന് വേർതിരിച്ചു വീട്ടുതടങ്കലിലാക്കി.

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

പിന്നീട് ഇമ്രേ നാഗിയെ ഹംഗറിയിലേക്ക് കൊണ്ടുവന്നു. നാഗിയേയും സഹപ്രവർത്തകരെയും രാഷ്ട്രീയ വിചാരണയ്ക്ക് വിധേയരാക്കി.

സോവിയറ്റ് ഗവണ്മെന്റിനോട് മാപ്പ് പറഞ്ഞാൽ വധശിക്ഷയിൽ ഒഴിവാക്കി കിട്ടും എന്ന് പലരും നിർബന്ധിച്ചെങ്കിലും നാഗി അതിന് തയ്യാറായില്ല. ഹംഗേറിയൻ ദേശീയസ്വാതന്ത്ര്യത്തിനായി ,മാതൃരാജ്യത്തിൻറെ സ്വയം നിർണ്ണയാവകാശ പ്രത്യയശാസ്ത്രത്തിനായി , ഉറച്ചു നിൽക്കുന്ന നിലപാട് വിചാരണയിൽ സധൈര്യം ഇമ്രേ നാഗി വെളിപ്പെടുത്തി. അദ്ദേഹത്തിന് മാപ്പു പറച്ചിൽ അസാധ്യമായിരുന്നു. തൻറെ വരും തലമുറയ്ക്ക് മാതൃരാജ്യത്തിൻറെ സ്വാതന്ത്ര്യം എന്താണെന്ന് മനസ്സിലാകണമെങ്കിൽ താൻ ആ തത്ത്വത്തിൽ ഉറച്ചു നിൽക്കണം എന്ന നിലപാടായി രുന്നു അദ്ദേഹത്തിന്റെത്.

അങ്ങനെ ഇമ്രേ നാഗിയെ അന്നത്തെ ഗവണ്മെൻറ് തൂക്കിലേറ്റി വധിച്ചു. ആരും അറിയാതെ അജ്ഞാതമായ ഒരു സ്ഥലത്ത് ശരീരം മറവ് ചെയ്തു.

പിന്നീട് 1990 കളിൽ റഷ്യയിലും ഹംഗറിയിലും ഭരണമാറ്റങ്ങൾ നടന്നു. ഇമ്രേ നാഗിയെ ഹംഗറിയിലെ ജനങ്ങൾ തങ്ങളുടെ ദേശീയ സമരനായകനായി അനുസ്മരിക്കുകയും മൃതശരീരം അടക്കം ചെയ്ത സ്ഥലം കണ്ടെത്തി ആ ശരീരം ദേശീയ ബഹുമതിയോടെ വീണ്ടും സംസ്കരിക്കുകയും ചെയ്തു .

നാഗിയുടെ മകളുടെ ഓർമ്മ കുറിപ്പുകളിലൂടെ ഈ ചരിത്ര സംഭവം സാക്ഷ്യപ്പെടുത്തുന്ന സിനിമ വിഖ്യാത സംവിധായിക മാർത്ത മെസാറോസ് , അൺ ബറീഡ് മാൻ എന്ന പേരിൽ ആവിഷ്കരിച്ചിട്ടുണ്ട്



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

## ജനാധിപത്യത്തിനായി കലാപം ചെയ്ത സ്ത്രീകൾ

സുരേഷ് കുമാർ.സി. (സെക്രട്ടറി,ബീം ഫിലിം സൊസൈറ്റി)



ആധുനിക ജനാധിപത്യത്തിന്റെ ഈറ്റില്ലമെന്ന് കരുതപ്പെടുന്ന ഇംഗ്ലണ്ടിൽ സ്ത്രീകൾക്ക് നിയന്ത്രിതമായെങ്കിലും വോട്ടവകാശം ലഭിക്കുന്നത് 1918 ലാണ്. അതിന് മുൻപുള്ള പതിറ്റാണ്ടോളം കാലം ഇംഗ്ലണ്ട് സമാനതകളില്ലാത്ത സ്ത്രീ കലാപത്തിന്റെ കഥ പറയുന്ന സിനിമയാണ് ശ്രീമതി സാറാ ഗാവ്റോൺ സംവിധാനം ചെയ്ത് 2015 ൽ പുറത്തിറങ്ങിയ സഫ്റാജെറ്റ് (Suffragette).



വോട്ടവകാശം (right to vote) എന്നർത്ഥം വരുന്ന Suffrage എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് വോട്ടവകാശത്തിനായി പൊരുതുന്ന സ്ത്രീകൾക്ക് Suffragette എന്ന പേര് ലഭിക്കുന്നത്. സ്ത്രീകളുടെ വോട്ടവകാശത്തിനായുള്ള പ്രസ്ഥാനത്തിന്റെ തുടക്കം 1848 ൽ അമേരിക്കൻ ഐക്യനാടുകളിൽ നടന്ന Senecca Falls Convention നും തുടർന്നുള്ള പ്രക്ഷോഭങ്ങളിലൂടെയുമാണെന്നാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.

ഇംഗ്ലണ്ടിൽ Suffragetta Movement ന്റെ തുടക്കം 1903 ൽ Emmeline Pankhurst എന്ന വനിതയുടേയും അവരുടെ പെൺമക്കളുടേയും നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട Women s Social and Political Union (WSPU) എന്ന, സ്ത്രീകളുടേതു മാത്രമായ പ്രസ്ഥാനത്തിലൂടെയായിരുന്നു. വാക്കു ക ള ല്ല പ്രവർത്തികളാണ് വേണ്ടത് (Deeds not Words) എന്നതായിരുന്നു അവരുടെ മുദ്രാവാക്യം. റാലികളും പ്രതിഷേധ പ്രകടനങ്ങളും എന്നതിനപ്പുറം അക്രമാസക്തമായ പ്രതിഷേധരീതികളായിരുന്നു അവരുടെ സമരരൂപത്തിന്റെ കാതൽ. ഏത് വിധത്തിലും സ്ത്രീകൾക്ക് വോട്ടവകാശം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാഹസിക പ്രവർത്തനങ്ങൾ പതിവ് രീതിയായിരുന്നു. 1908-ൽ 60000 ഓളം സ്ത്രീകൾ പങ്കെടുത്ത Rush to Parliament അക്രമാസക്തമാകുകയും പോലീസിനാൽ ക്രൂരമായി അടിച്ചമർത്തപ്പെടുകയും ചെയ്തു. നിരവധി സ്ത്രീകൾ ജയിലിലടയ്ക്കപ്പെട്ടു. തുടർന്ന് മാഞ്ചസ്റ്ററിലും പിന്നാലെ ലൻ നഗരത്തിലും പൊതു സ്ഥാപനങ്ങൾക്ക് നേരെയുള്ള

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

കല്ലേറും ബോംബ് സ്ഫോടനങ്ങളും തുടർക്കഥകളായി. സഫ്റാജെറ്റുകൾ വ്യാപകമായി അറസ്റ്റു ചെയ്യപ്പെടുകയും ലൈംഗികാതിക്രമത്തിനു വരെ ഇരയാകുകയും ചെയ്തു. ജയിലിൽ നിരാഹാര സമരം തുടങ്ങിയ സ്ത്രീ പോരാളികൾക്കെതിരെ force feeding തന്ത്രമുപയോഗിക്കുകയും വഴങ്ങാത്തവരെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തിരുന്നു. ആരോഗ്യം ക്ഷയിക്കുമ്പോൾ പുറത്തുവിടുകയും അടുത്ത സമരത്തിൽ പങ്കെടുത്തെന്ന പേരിൽ വീണ്ടും അറസ്റ്റു ചെയ്യുകയുമെന്ന Cat and Mouലെ തന്ത്രമാണ് അധികാരികൾ സ്വീകരിച്ചത്. മന്ത്രിമാരുടെ സമ്മേളന വേദികളിലേക്ക് ഇടിച്ചുകയറുക, മീറ്റിംഗ് ഹാളിന്റെ ജന്നൽ ചില്ലകൾ എറിഞ്ഞു പൊട്ടിക്കുക, സർക്കാരിന്റെ പോസ്റ്റ് ബോക്സുകൾ കത്തിക്കുക എന്നിവയൊക്കെ അവരുടെ സമര മുറകളിൽ പെട്ടിരുന്നു.




1914 ൽ ഒന്നാം ലോകയുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ പ്രക്ഷോഭങ്ങൾ മന്ദഗതിയിലായി. 1918-ൽ നിയന്ത്രണങ്ങളോടെ ഇംഗ്ലണ്ടലെ സ്ത്രീകൾക്ക് പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ടവകാശം ലഭിച്ചു.




**എമിലി ഡേവിസൺ (18721913).**

അതിസാഹസികതയുടെ ആൾരൂപങ്ങളായി മാറിയ നിരവധി വനിതകൾ ഈ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നു വന്നു. അവരിൽ ഒരാളായിരുന്നു ശ്രീമതി എമിലി ഡേവിസൺ. അതി ധൈര്യശാലിയും ഏറ്റവും സാഹസികയുമായ വിപ്ലവകാരിയായാണ് എമിലി ഡേവിസൺ സഹ പോരാളികൾക്കിടയിൽ പോലും അറിയപ്പെട്ടിരുന്നത്. 1906 ൽ WSPU ൽ അംഗമായ എമിലി 1908 ൽ ജോലിയിൽ നിന്ന് പുറത്താക്കപ്പെട്ട് മുഴുവൻ സമയ പോരാളിയായി മാറി. 1909-ൽ ബ്രിട്ടീഷ് പ്രധാന മന്ത്രി ശ്രീ. ആസ്ക്വിതിനെ (H.H. Asquith) കാണാനായി പാർലമെന്റ് ഹൗസിലേക്ക് മാർച്ച് ചെയ്ത 21സ്ത്രീകളിൽ ഒരാളായിരുന്നു എമിലി. പോലീസിനെ ആക്രമിച്ചു എന്നാരോപിച്ച് അറസ്റ്റ് ചെയ്യപ്പെട്ട അവർ ജയിൽജീവിതത്തെക്കുറിച്ച് പറഞ്ഞത് ജീവിതകാലം മുഴുവൻ വേട്ടയാടുന്ന ഭീകരത എന്നാണ്. പൊതു സമൂഹത്തിലെ വലിയ ഒരു വിഭാഗമായ സ്ത്രീകളെ ഒഴിവാക്കിക്കൊണ്ട് നടത്തുന്നതു കൊണ്ട് മന്ത്രിമാരുടെ പൊതു പരിപാടികൾക്കെതിരെയുള്ള ആക്രമണങ്ങൾ ന്യായീകരിക്കപ്പെടുന്നു എന്നായിരുന്നു എമിലിയുടെ പ്രഖ്യാപിത നിലപാട്.

നിരവധി തവണ ജയിലിലടക്കപ്പെട്ട എമിലി ഡേവിസൺ 1912ൽ ജയിൽബാൽക്കണിയിൽ നിന്ന് ചാടി ജീവത്യാഗ

ഫിലിം വിഷൻ


ത്തിനു ശ്രമിച്ചിരുന്നു. ഒരു വലിയ ദുരന്തം മറ്റു പലരേയും രക്ഷിച്ചേക്കാം എന്നായിരുന്നു അതിന് പറഞ്ഞ ന്യായീകരണം. ജീവത്യാഗത്തിനല്ലാതെ സ്ത്രീകൾ നേരിടുന്ന ദുരിതമകറ്റാൻ മറ്റ് വഴികളില്ലെന്ന് അവർ വിശ്വസിച്ചിരുന്നു.

കൂടുതൽ ശക്തമായ സമരത്തിന് സഫ്രാജറ്റുകൾ തീരുമാനിച്ചതോടെ മൗദ് വാട്ട്സും എമിലി ഡേവിസണും ജോർജ് അഞ്ചാമന്റെ കുതിരപ്പന്തയ ഗ്രൗണ്ടിൽ പ്രവേശിക്കുന്നു.

1913 ജൂൺ 4 ന് ലനിലെ എപ് സമിൽ ബ്രിട്ടീഷ് ചക്രവർത്തിയായിരുന്ന ജോർജ് അഞ്ചാമൻ പങ്കെടുത്തിരുന്ന കുതിരപ്പന്തയ ഗ്രൗണ്ടിലേക്ക് കടന്നു ചെന്നു. പന്തയം നടന്നുകൊണ്ടിരിക്കെ, കയ്യിൽ കരുതിയിരുന്ന WSPU വിന്റെ പതാകയുമായി ചക്രവർത്തിയുടെ കുതിരയായ ആൻമറിനടുത്തേക്ക് പാഞ്ഞുചെന്നു. കുതിരയുടെ തൊഴിയേറ്റ് തെറിച്ചുവീണ എമിലി ഡേവിസൺ ജൂൺ 8 ആം തീയതി, 40 ആം വയസ്സിൽ, നിര്യാതയായി. സഫ്റാജെറ്റ് പ്രസ്ഥാനത്തിന്റെ രക്തസാക്ഷിയായി മാറിയ എമിലി ഡേവിസന്റെ ശവസംസ്കാരം ആയിരക്കണകക്കിന് സ്ത്രീകളുടെ ഘോഷയാത്രയോടെയാണ് നടന്നത്.

സഫ്റാജെറ്റ് പ്രസ്ഥാനത്തോടൊപ്പം എമിലി ഡേവിസന്റെ രക്തസാക്ഷിത്തത്തിന്റെയും കൂടി രേഖപ്പെടുത്തലാണ് സഫ്റാജെറ്റ് (Suffragette) എന്ന ഇംഗ്ലീഷ് സിനിമ.



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

# വിശ്വവിഖ്യാത വനിതാ സംവിധായകർ

പി.എസ്.ജ്യോതിഷ് കുമാർ




## 1.മാർഗരേത്ത് വോൺ ട്രോട്ട.

(Margarethe von Trotta)/ ജർമ്മനി

( റോസാ ലക്സംബർഗിന്റെ സംവിധായക)

ന്യൂ ജർമ്മൻ സിനിമാ പ്രസ്ഥാനത്തിന്റെ പ്രമുഖ ശക്തി എന്നും ലോകത്തിലെ പ്രമുഖ ഫെമിനിസ്റ്റ് ഫിലിം മേക്കർ എന്നും അറിയപ്പെടുന്ന ജർമ്മൻ ചലച്ചിത്ര സംവിധായികയും തിരക്കഥാകൃത്തും നടിയുമാണ് മാർഗരേത്ത് വോൺ ട്രോട്ട.



തന്റെ കരിയറിന്റെ ആദ്യകാലങ്ങളിൽ അഭിനേത്രിയായിരുന്ന വോൺ ട്രോട്ട ഇംഗ്മർ ബെർഗ്മാന്റെയും ആൽഫ്രഡ് ഹിച്ച്കോക്കിന്റെയും ഫ്രഞ്ച് നോവൽ വേഗിന്റെയും സിനിമകൾ കണ്ട ശേഷം നല്ല സിനിമകൾ ഇഷ്ടപ്പെടുകയും ഒരു സംവിധായിക ആകാൻ ആഗ്രഹിക്കുകയും ചെയ്തു. വോൾക്കർ ഷ്ലോൻഡോർ എന്ന സംവിധായകന്റെ ദി സഡൻ വെൽത്ത് ഓഫ് ദ പുവർ പീപ്പിൾ ഓഫ് കൊംബാച്ചിൽ (1971) അഭിനയിക്കുകയും ഒരുമിച്ചു എഴുതുകയും ചെയ്തു. പിന്നീട് ഫെഡറൽ റിപ്പബ്ലിക്കിലെ രാഷ്ട്രീയ അടിച്ചമർത്തൽ കൈകാര്യം ചെയ്ത ഹെൻറിക് ബോളിന്റെ നോവലിന്റെ ഒരു അനുകരണത്തെ അടിസ്ഥാനമാക്കിയുള്ള ദ ലോസ്റ്റ് ഹോണർ ഓഫ് കാതറീന ബ്ലം (ഡൈ വെർലോറീൻ എഹ്രെ ഡെർ കാതറീന ബ്ലം) സഹ-സംവിധാനം ചെയ്തു. വ്യക്തിയും പൊതു സമൂഹവും തമ്മിലുള്ള സംഘർഷം ട്രോട്ടയുടെ ആദ്യകാല ചലച്ചിത്ര ജീവിതത്തിലുടനീളം പ്രതിധ്വനിക്കുന്നതായി കാണാൻ കഴിയും. ഒരു യുവതിയുടെ രാഷ്ട്രീയ സമൂലവൽക്കരണത്തെ കേന്ദ്രീകരിച്ചുള്ള ദി സെക്കൻഡ് അവേക്കണിംഗ് ഓഫ് ക്രിസ്റ്റ ക്ലേജസ് (ദാസ് സ്വീറ്റ് എർവാചെൻ ഡെർ ക്രിസ്റ്റ ക്ലേജസ്) ആയിരുന്നു ട്രോട്ടയുടെ ആദ്യത്തെ സോളോ ഫിലിം.

സ്ത്രീബന്ധം, സഹോദരി ബന്ധം, അക്രമത്തിന്റെ ഉപയോഗങ്ങളും ഫല ങ്ങളും, ഗർഭച്ഛിദ്രം, ഗർഭനിരോധനം, ജോലിസ്ഥലത്തെ സ്ത്രീകളുടെ അവസ്ഥ, ഇണയെ ദുരുപയോഗം ചെയ്യൽ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുക വഴി വോൺ ട്രോട്ട തന്റെ ചലച്ചിത്രനിർമ്മാണത്തിന്റെ വർഷങ്ങളിലുടനീളം, സ്ത്രീകൾക്ക് പ്രത്യേക

ഫിലിം
വിഷൻ

പരിഗണന നൽകുന്ന നിരവധി കാര്യങ്ങളെ അഭിസംബോധന ചെയ്തിട്ടുണ്ട്:,
വോൺ ട്രോട്ടയുടെ വിപുലമായ സൃഷ്ടികൾ അന്താരാഷ്ട്ര തലത്തിൽ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. 2001-ൽ 23-ാമത് മോസ്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ജൂറിയുടെ പ്രസിഡന്റായിരുന്നു.

## 2. സാറാ ഗവരോൺ (Sarah Gavron)/ യൂ. കെ ( സഫ്രജെറ്റിന്റെ സംവിധായിക)

ബ്രിട്ടീഷ് ചലച്ചിത്ര സംവിധായികയാണ് സാറാ ഗാവ്റോൺ. യുകെയിലെ വനിതാ സംവിധായകരുടെ ദൗർലഭ്യമാണ് ഗാവ്റോണിനെ സ്വന്തം ചലച്ചിത്രനിർമ്മാണത്തിനും ഒരു വനിതാ സംവിധായിക എന്ന നിലയിൽ അവളുടെ ഉത്തരവാദിത്തത്തിനും പ്രചോദനം നൽകുന്നത്.
ഒരു മാറ്റത്തിനായി ചലച്ചിത്രനിർമ്മാണത്തിലേക്ക് പ്രവേശിച്ച അവർ സ്ത്രീകളുടെ കഥകൾ കൃത്യമായി പറയാൻ തന്റെ കരിയർ സമർപ്പിച്ചു. നാല് ഷോർട്ട് ഫിലിമുകളും മൂന്ന് ഫീച്ചർ ഫിലിമുകളും സാറാ ഗാവ്റോൺ സംവിധാനം ചെയ്തിട്ടുണ്ട്. ദിസ് ലിറ്റിൽ ലൈഫ് (2003), ബ്രിക്ക് ലെയ്ൻ (2007), വില്ലേജ് അറ്റ് ദ എൻഡ് ഓഫ് ദ വേൾഡ് (2012) എന്നിവയാണ് അവരുടെ പ്രധാന സിനിമകൾ. 1912-ലെ ലണ്ടൻ കേന്ദ്രീകരിച്ചുള്ള സഫ്രജെറ്റ് (2015) എന്ന



സിനിമ യാഥാർത്ഥ ചരിത്ര സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള സഫ്രഗെറ്റ് പ്രസ്ഥാനത്തിന്റെ കഥയാണ് പറയുന്നത്. ടീമിന്റെയും യുവതാരങ്ങളുടെയും ക്രിയേറ്റീവ് സഹകരണത്തോടെ സംവിധാനം ചെയ്ത റോക്ക്സ് ആണ് അവളുടെ ഏറ്റവും പുതിയ ചിത്രം.
യോർക്ക് സർവ്വകലാശാലയിൽ നിന്ന് ഇംഗ്ലീഷിൽ ബിഎയും ഹെരിയറ്റ്-വാട്ട് യൂണിവേഴ്സിറ്റിയുമായി ചേർന്ന് എഡിൻബർഗ് കോളേജ് ഓഫ് ആർട്ടിൽ നിന്ന് ചലച്ചിത്ര പഠനത്തിൽ എം.എയും നേടിയിട്ടുണ്ട്. പിന്നീട് നാഷണൽ ഫിലിം ആൻഡ് ടെലിവിഷൻ സ്കൂളിൽ ചേർന്നു. അപ്പോൾ സ്റ്റീഫൻ ഫ്രിയേഴ്സ് പഠിപ്പിച്ച ഒരു ഡയറക്ടിംഗ് ക്ലാസ്സിലായിരുന്നു സാറാ ഗാവ്റോൺ. മൈക്ക് ലീ, ടെറൻസ് ഡേവീസ് എന്നിവരായിരുന്നു ചലച്ചിത്രനിർമ്മാണത്തിലും സംവിധാനത്തിലും ഗാവ് റോണിനെ സ്വാധീനിച്ച ചലച്ചിത്രകാരന്മാർ. നാഷണൽ ഫിലിം സ്കൂളിൽ പഠിക്കുന്ന തിന് മുമ്പ്, സാറ ബിബിസിയിൽ ഡോക്യുമെന്ററികളിൽ മൂന്ന് വർഷം പ്രവർത്തിച്ചു. ഡോക്യുമെന്ററികളിൽ തുടങ്ങിയ ചലച്ചിത്ര ജീവിതം പിന്നീട് കഥകൾ പറയാനുള്ള അവളുടെ ആഗ്രഹം കാരണം ആഖ്യാന ചലച്ചിത്രനിർമ്മാണത്തിലേക്ക് മടങ്ങുകയായിരുന്നു.

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ദമ്പതികളെയും അവരുടെ മാസം തികയാതെ ജനിച്ച കുട്ടിയെയും ചുറ്റിപ്പറ്റിയുള്ള ഒരു ടെലിവിഷൻ നാടകമായി വർഗ്ഗീകരിച്ചിരിക്കുന്ന ദിസ് ലിറ്റിൽ ലൈഫ് (2003), യുകെയിലെ ലണ്ടനിൽ താമസിക്കുന്ന ബംഗ്ലാദേശി സ്ത്രീ കുടിയേറ്റക്കാരിയുടെ ജീവിതം ഉൾക്കൊള്ളുന്ന ബ്രിക്ക് ലെയ്ൻ (2007), ഗ്രീൻലാൻഡിലെ ഒരു ഉപദ്വീപിൽ സംവിധാനം ചെയ്ത ഡോക്യുമെന്ററി വില്ലേജ് അറ്റ് ദ എൻഡ് ഓഫ് ദ വേൾഡ് (2012), "സ്ത്രീകളുടെ വോട്ടവകാശത്തിനായുള്ള പോരാട്ടത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ആദ്യത്തെ പ്രധാന ഫീച്ചർ ഫിലിം കൂടിയായ, 1912-ലെ ലണ്ടൻ ആസ്ഥാനമാക്കി, സഫ്രഗെറ്റ് പ്രസ്ഥാനത്തിന്റെ കഥ പറയുന്ന സഫ്രഗെറ്റ് (2015) എന്നിവയാണ് സാറാ ഗാവ്റോൺ സംവിധാനം ചെയ്ത പ്രധാന സിനിമകൾ.

**3.ലീന വേർട്മുള്ളർ**
**(Lina Wertmüller)/ഇറ്റലി**
**( സെവൻ ബ്യൂട്ടിഫുൾസിന്റെ സംവിധായിക)**

ഒരു ഇറ്റാലിയൻ ചലച്ചിത്ര സംവിധായികയും തിരക്കഥാകൃത്തും ആയിരുന്നു ലിന വെർട്ട്മുള്ളർ എന്നറിയപ്പെടുന്ന ആൻജെല ഫെലിസ് അസുന്ത വെർട്ട്മുള്ളർ വോൺ എൽഗ് സ്പാനോൾ വോൺ ബ്രൗയിച്ച്. സെവൻ ബ്യൂട്ടീസ്, ദി സെഡക്ഷൻ ഓഫ് മിമി, ലവ് ആന്റ് അരാജകത്വം, സ്വീപ്റ്റ് എവേ തുടങ്ങിയ 1970-കളിലെ ആർട്ട് ഹൗസ് ചിത്രങ്ങളിലൂടെയാണ് അവർ കൂടുതൽ അറിയപ്പെടുന്നത്. മികച്ച സംവിധായകനുള്ള അക്കാദമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ വനിതാ സംവിധായികയാണ് വെർട്ട്മുള്ളർ.

കുട്ടിക്കാലത്ത് കോമിക് പുസ്തകങ്ങളിൽ ആകൃഷ്ടയായിരുന്ന വെർട്ട്മുള്ളർ മിക്ക സിനിമകളേക്കാളും സിനിമാറ്റിക് എന്ന്



റെയ്മണ്ടിന്റെ കോമിക്സിന്റെ ഫ്രെയിമിംഗിനെ വിശേഷിപ്പിച്ചത് സിനിമയോടുള്ള അവളുടെ ചായ്വിന്റെ സൂചന പ്രകടിപ്പിച്ചിരുന്നു. ചലച്ചിത്ര-നാടക വ്യവസായങ്ങളിൽ ജോലി ചെയ്യാനുള്ള വെർട്ട്മുള്ളറുടെ ആഗ്രഹം ചെറുപ്പത്തിൽ തന്നെ ഉണ്ടായിരുന്നു. നാടകങ്ങൾ നിർമ്മിക്കുകയും യൂറോപ്പിലുടനീളം സഞ്ചരിച്ച് പാവ, സ്റ്റേജ് മാനേജർ, സെറ്റ് ഡിസൈനർ, പബ്ലിസിസ്റ്റ്, റേഡിയോ/ടിവി സ്ക്രിപ്റ്റ് റൈറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഇറ്റാലിയൻനാടകകൃത്തുംസംവിധായകനുമായ ജോർജിയോ ഡി ലുല്ലോയുടെ സൃഷ്ടികകളിലെ

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ഗൗരവതരവും രാഷ്ട്രീയ ബോധമുള്ളതു മായ സമീപനങ്ങൾ ആണ് തന്റെ സർഗ്ഗാത്മകതയുടെ കാതൽ ആയി വെർട്ട്മുള്ളർ കരുതിയിരുന്നത്. രാഷ്ട്രീയമായി അവഗണിക്കപ്പെട്ടവരുടേയും സാമ്പത്തികമായി അധഃസ്ഥിതരായവരുടേയും ജീവിത യാഥാർത്ഥ്യങ്ങൾ കാണിക്കുക വഴി ഇറ്റാലിയൻ തൊഴിലാളിവർഗത്തോട് സഹാനുഭൂതി പങ്കിടുകയും ചെയ്യുന്നു വെർട്ട്മുള്ളറുടെ സിനിമകൾ.



ഇറ്റലിയോടും അതിന്റെ വൈവിധ്യമാർന്ന പ്രദേശങ്ങളോടും ആരാധന പ്രകടിപ്പിക്കുന്നതായി തോന്നുന്ന തരത്തിൽ മനോഹരമായ ഛായാഗ്രഹണം വെർട്ട്മുള്ളറുടെ സിനിമയുടെ പ്രത്യേകതയാണ്. കഥാപാത്രങ്ങളുടെ നിരന്തരമായ വൈകാരിക ഉന്മാദത്തിനും പ്രാധാന്യം നൽകുന്നതിന് ക്യാമറ ഉപയോഗിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിന് വ്യക്തികളിൽ അടങ്ങിയിരിക്കുന്ന തെറ്റായ പ്രയോഗവും വിനാശകരമായ ഗുണങ്ങളും നാടകീയമാക്കുന്നതിന് വെർട്ട്മുള്ളറുടെ മിക്ക സൃഷ്ടികളും ഔപചാരിക ചലച്ചിത്ര തന്ത്രങ്ങൾ ഉപയോഗിക്കുന്നു, കൂടാതെ വിപ്ലവത്തെക്കുറിച്ചുള്ള പൊതു സങ്കൽപ്പങ്ങളെയും രാഷ്ട്രീയ സ്ഥിതിയെയും ആക്ഷേപഹാസ്യമാക്കുന്നുണ്ട്.

പീറ്റർ ബോണ്ടനെല്ല പറയുന്നതനുസരിച്ച്, വെർട്ട്മുള്ളറുടെ കൃതികൾ കാലികമായ രാഷ്ട്രീയ പ്രശ്നങ്ങളും പരമ്പരാഗത ഇറ്റാലിയൻ വിചിത്ര ഹാസ്യവും സംയോജിപ്പിക്കുന്നവയാണ്.

## 4. മാർത്ത മെസാറോസ്
## ( Marta Meszaros)/ Hungary
## (അൺബറീഡ് മാൻ ന്റെ സംവിധായക)

ഹംഗേറിയൻ തിരക്കഥാകൃത്തും ചലച്ചിത്ര സംവിധായികയുമാണ് മാർത്ത മെസാറോസ്. ഡോക്യുമെന്ററി ഫിലിമിൽ പ്രവർത്തിച്ചു കൊണ്ട് തന്റെ കരിയർ ആരംഭിച്ച മാർത്ത മെസാറോസ് പത്ത് വർഷത്തിനിടെ 25 ഡോക്യുമെന്ററി ഷോർട്ട്സ് നിർമ്മിച്ചു. ഒരു സ്ത്രീ സംവിധാനം ചെയ്ത ആദ്യത്തെ ഹംഗേറിയൻ ചിത്രമായിരുന്നു , മാർത്ത മെസാറോസ് മുഴുനീള സംവിധായകയായി അരങ്ങേറ്റം കുറിച്ച, എൽറ്റവോസോട്ട് നാപ്/ദഗേൾ (1968).

മെസാറോസിന്റെ സൃഷ്ടികൾ പലപ്പോഴും ആത്മകഥാപരമായ വിശദാംശങ്ങൾ ഡോക്യുമെന്ററിയുമായി സംയോജിപ്പിക്കുന്ന തരത്തിലുള്ളതാണ്. ഭൂതകാലത്തെ നിഷേധിക്കുന്നതും, സത്യസന്ധതയില്ലായ്മയുടെ അനന്തരഫലങ്ങളും, ലിംഗഭേദത്തിന്റെ പ്രശ്

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

നങ്ങളും ഒക്കെ പ്രതിനിധീകരിക്കുന്നവയാണ് മെസാറോസിന്റെ കഥാപാത്രങ്ങൾ. കാണാതാകുന്ന മാതാപിതാക്കളെ തേടുന്ന പെൺകുട്ടികൾ , കുട്ടികളെ ദത്തെടുക്കാൻ ശ്രമിക്കുന്ന മധ്യവയസ്കരായ സ്ത്രീകൾ എന്നിങ്ങനെ ഛിന്നഭിന്നമായ കുടുംബങ്ങളിൽ നിന്നുള്ള നായികമാരാണ് പ്രധാന കഥാപാത്രങ്ങൾ.

മെസാറോസ് പതിനഞ്ചിലധികം ഫീച്ചർ ഫിലിമുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും, കാൻ



ഫിലിം ഫെസ്റ്റിവലിൽ ഗ്രാൻഡ് പ്രിക്സ് നേടിയ , ഡയറി ഫോർ മൈ ചിൽഡ്രൻ (1984) എന്ന ചിത്രത്തിലൂടെയാണ് അവർ കൂടുതൽ അറിയപ്പെടുന്നത്. ഡയറി ഫോർ മൈ ലവേഴ്സ് (1987), ഡയറി ഫോർ മൈ മദർ ആൻഡ് ഫാദർ (1990) എന്നിവ ഉൾപ്പെടുന്ന ആത്മകഥാപരമായ ചലച്ചിത്ര ത്രയത്തിലെ ആദ്യ സിനിമയായിരുന്നു ഇത്.

മെസാറോസിന്റെ സിനിമകൾ പല തരത്തിൽ അവരുടെ വളർന്നുവരുന്ന അനുഭവങ്ങളെ പ്രതിഫലിപ്പിക്കുകയും അവരുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. ജീവിതത്തിന്റെ തുടക്കത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ട്, തന്റെ യൗവനത്തിന്റെ ഭൂരിഭാഗവും ഒരു പോസ്റ്റ്-സ്റ്റാലിനിസ്റ്റ് ഹംഗറിയിൽ ചെലവഴിച്ചതിനാൽ, മെസാറോസിന്റെ ജീവിതം ദുരന്തങ്ങളും അടിച്ചമർത്തലുകളും നിറഞ്ഞതായിരുന്നു, അവരുടെ സിനിമകൾ പലപ്പോഴും ഇതിന്റെ പ്രതിഫലനമാണ്. കൂടാതെ, ഡോക്യുമെന്ററി ഫിലിമുകളിൽ മെസാറോസ് തന്റെ ആദ്യ വർഷങ്ങളിൽ പലതും ചെലവഴിച്ചതിനാൽ, മെസാറോസിന്റെ ഫീച്ചർ ഫിലിമുകളിൽ പലതും ഡോക്യുമെന്ററി



സ്വഭാവം ഉൾക്കൊള്ളുന്നു. മെസാറോസിന്റെ ഒട്ടുമിക്ക സിനിമകളും ഓപ്പൺ-എൻഡഡ് ആണ്. പരമ്പരാഗത പ്ലോട്ട് ഇല്ല. സംഭാഷണങ്ങൾ വിരളമാണ്.

ഉള്ളടക്കത്തിന്റെ കാര്യത്തിൽ, ആദർശങ്ങൾക്കും യാഥാർത്ഥ്യങ്ങൾക്കും ഇടയിലും മാതാപിതാക്കളും അവരുടെ കുട്ടികളും തമ്മിലുള്ള വിശാലവും പലപ്പോഴും ദുരന്തപൂർണവുമായ വിടവുകൾ

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ


മെസ്സാറോസിന്റെ സിനിമകൾ പര്യവേക്ഷണം ചെയ്യുന്നു.

കിഴക്കൻ യൂറോപ്യൻ സിനിമയിൽ സാധാരണയായി അവഗണിക്കപ്പെടുന്ന യാഥാർത്ഥ്യങ്ങളാണ് മെസാറോസിന്റെ സിനിമകൾ കൈകാര്യം ചെയ്യുന്നത്: സ്ത്രീകളുടെ കീഴ് വഴക്കം, നഗര-ഗ്രാമീണ സംസ്കാരങ്ങളുടെ സംഘർഷങ്ങൾ...

അന്താരാഷ്ട്ര പ്രേക്ഷകർക്കായി കലാപരമായും വാണിജ്യപരമായും വിജയിക്കുന്ന സിനിമകൾ സ്ഥിരമായി നിർമ്മിക്കുന്ന ചുരുക്കം ചില വനിതാ സംവിധായകരിൽ ഒരാളാണ് മെസാറോസ്.

1968 മുതൽ 1979 വരെ നിർമ്മിച്ച എട്ട് ഫീച്ചർ ഫിലിമുകൾ, ഹംഗേറിയൻ സ്ത്രീകൾ നേരിടുന്ന സാമൂഹിക അടിച്ചമർത്തലുകൾ, സാമ്പത്തിക പരിമിതികൾ, വൈകാരിക വെല്ലുവിളികൾ എന്നിവയുമായി ബന്ധപ്പെട്ടതാണ്. അവരുടെ സ്വന്തം വാക്കുകളിൽ, മെസാറോസ് വിശദീകരിക്കുന്നത്

ഞാൻ നിന്ദ്യമായ, സാധാരണമായ കഥകൾ പറയുന്നു - അവയിൽ മുഖ്യ കഥാപാത്രങ്ങൾ സ്ത്രീകളാണ് - എന്നിട്ട് , ഞാൻ ഒരു സ്ത്രീയുടെ കോണിൽ നിന്ന് കാര്യങ്ങൾ ചിത്രീകരിക്കുന്നു.



Margarethe von



Sarah Gavron



Lina Wertmüller



Marta Meszaros



www.kswdc.org
181
MITHRA
WOMEN HELPLINE
സാഹചര്യം ഏതുമാവട്ടെ
ഞങ്ങൾ ഉണ്ട് കൂടെ
വിളിക്കൂ...
181
ടോൾഫ്രീ നമ്പർ
സ്ത്രീ
സുരക്ഷ
ശാക്തീകരണം
24 മണിക്കൂറും സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഹെൽപ്പ് ലൈൻ
കേരള സംസ്ഥാന വനിത
വികസന കോർപ്പറേഷൻ
(വനിതാശിശു വികസന വകുപ്പ്, കേരള സർക്കാർ)
she transcends
MWCD
Govt of India
വനിതാശിശു
വികസന വകുപ്പ്
കേരള സർക്കാർ

ഫിലിം
വിഷൻ

# രക്തസാക്ഷിത്വം : വനിതകളുടെ വിശ്വസിനിമയിൽ



സാബു ശങ്കർ ( ജനറൽ സെക്രട്ടറി ,
ഫിൽക്ക ഫിലിം സൊസൈറ്റി )

നീതിക്കും സത്യത്തിനും വേണ്ടി ചരിത്രപാതയിൽ നിലകൊള്ളുന്നവർസമകാല സാഹചര്യത്തിൽ ജീവിക്കുന്ന രക്തസാക്ഷികളായി തീരാം .അവർ മൂല്യങ്ങളെ ആത്മാവിനോട് ചേർത്തുവെച്ചു ജീവിക്കുന്നു . ഈ ഏകാന്ത സമരം കാലത്തിൻറെ സാക്ഷിപത്രമാണ് . കാലത്തിന്റെ ശബ്ദമാണ്. ചാരിതാർഥ്യമാണ് .

മറ്റുചിലർ രക്തസാക്ഷികളായി തീരുന്നു . ജീവൻ ബലിയർപ്പിച്ചവരെ ലോകം ആദരവോടെ അനുസ്മരിക്കുന്നു . അവർ ചരിത്ര പാതയിലെ വഴിവിളക്കുകളായി പ്രകാശിക്കുന്നു . ഇനിയും ആ വഴിത്താരയിൽ നടന്നെത്തുന്ന തലമുറയ്ക്കും ത്യാഗികൾക്കും മനഃസാക്ഷികൾക്കും വിമോചനത്തിന്റെ വെളിച്ചം വീശുന്നു . ലോകത്തിന്റെ മുന്നേറ്റമാണത് .അതിന്റെ തത്വശാസ്ത്രവും ചലനശാസ്ത്രവും പുതിയ വികാസങ്ങൾക്ക്ചൂടുപകരുന്നു. പരിണാമം ഒരു പ്രകൃതിസത്യമാണെങ്കിൽ പരിവർത്തനംഒരു സാമൂഹികസത്യമാണ് .ആ സത്യത്തിനു വേണ്ടിയുള്ള രക്തസാക്ഷിത്വം സജീവമായ ഓർമ്മപ്പെടുത്തൽ കൂടിയാണ് .

ഇവിടെ നാല് സിനിമകളാണ് രക്തസാക്ഷിത്വം എന്ന പ്രമേയത്തിൽഉൾപ്പെടുത്തിയിട്ടുള്ളത് . ആധുനിക മനുഷ്യൻ ഉയർന്നുവന്ന ഇരുപതാം നൂറ്റാണ്ടിലെ നാല് ചരിത്ര സംഭവങ്ങൾ . ചിന്താബഹുലമായ ഒരുനൂറ്റാണ്ടിന്റെ അടയാളപ്പെടുത്തലുകൾ . വിശ്വസിനിമയിൽ ഏറ്റവും പ്രമുഖരായ വനിതാ സംവിധായകരുടേതാണ് നാല് സിനിമകളും .

ജർമ്മൻ സംവിധായക മാർഗ്രെറ്റ വോൺ ട്രോറ്റ സംവിധാനം ചെയ്തസിനിമയാണ് റോസാ ലക്സംബർഗ് ( 1986 / 123 മിനിറ്റ് ).യു . കെ . സംവിധായക സാറാ ഗാവ്റോൺ ആവിഷ്കരിച്ചതാണ് സഫ്രജെറ്റ് ( 2015 / 106 മിനിറ്റ് ).ഇറ്റാലിയൻ സംവിധായക ലീന വേർട് മുള്ളർ സൃഷ്ടിച്ചതാണ് സെവൻബ്യൂട്ടിഫുൾസ് ( 1975 / 115 മിനിറ്റ് ).ഹംഗറിയിലെ സംവിധായക മാർത്ത മെസാറോസ് സംവിധാനംചെയ്തതാണ് അൺബറീഡ് മാൻ ( 2004 / 127 മിനിറ്റ് ).

മികവുറ്റ ഘടനകൊണ്ടും പ്രമേയത്തിന്റെ

# ഫിലിം വിഷൻ

ഗാഢതകൊണ്ടും ഭദ്രവും സുതാര്യവുമായ ദൃശ്യശൈലി നാല് ചിത്രങ്ങളുടെയും സവിശേഷതയാണ് .സർഗാത്മക കലയുടെ ആവിഷ്കാര രൂപിമങ്ങൾ . ഇവ കാലത്തെ അതിജീവിച്ചു മുന്നേറുന്ന സാംസ്കാരിക ചാലകശക്തി കൂടിയാണ് .

## റോസാ ലക്സംബെർഗ്

1916 .മഞ്ഞുമൂടിയ പ്രകൃതി . സൈനികർ കാവൽ നിൽക്കുന്ന ഒരു തടങ്കൽപാളയം . റോസാ ലക്സംബെർഗ് കത്തെഴുതുന്നു ...ജനങ്ങളുടെ ജീവിതം നിശ്ചയിക്കുന്നത് ഒരുകൂട്ടം പേരാണെങ്കിൽ അത് സ്വാതന്ത്ര്യമുള്ള ജനതയല്ല ...

ഒരുകൂട്ടം തടവുകാരികൾ പുറമേനിന്ന് ഒരു ആജ്ഞ കേൾക്കുന്നു .വെടിവെയ്ക്കൂ ...അവർ എത്തിവലിഞ്ഞ് ഉയരത്തിലുള്ള കിളിവാതിലിലൂടെആ കാഴ്ച്ച കണ്ടു മുറവിളി കൂട്ടി . പുറത്ത് നടുമുറ്റത്ത് ഏതാനുംതടവുകാരെ നിരത്തിനിർത്തി സൈനികർ വെടിവെച്ചു വധിക്കുന്നു .തങ്ങളുടെ പ്രിയപ്പെട്ടവരേ ഓർത്ത് സ്ത്രീകൾ അലമുറയിട്ടു കരഞ്ഞു .എന്നാൽ എന്തിനെയും നേരിടാനുള്ള ദൃഢചിത്തതയോടെയാണ് റോസാ ലക്സംബെർഗ് .

സൈനികർ സെല്ലിലേക്ക് കടന്നുവന്ന് റോസയെ വിലങ്ങുവെച്ച് കണ്ണുമൂടിക്കെട്ടി ഇടനാഴിയിലൂടെ നടത്തി . ഒരു മുറിയിൽ ഭിത്തിയോട് ചേർത്തുനിർത്തി . മേധാവിയുടെ ആജ്ഞ മുഴങ്ങി . വെടിവെയ്ക്കൂ ...വെടിയൊച്ച കേട്ട് പതറിയെങ്കിലും റോസാ പരിക്കില്ലാതെ നിന്നു ...പെട്ടെന്ന് ഓർമ്മയിൽ ഒരു കുട്ടിയ്ക്ക് കവിളിൽ ഓമനമുത്തം കൊടുത്ത് ,ഉറങ്ങാൻ പോകൂ എന്ന് പറയുന്ന ഒരു അമ്മ ...



റോസയുടെ കണ്ണിലെ കെട്ടഴിച്ചു . സൈനീക മേധാവി അവളെമുന്നിലിരുത്തി വിചാരണ തുടങ്ങി . ചോദ്യങ്ങളെല്ലാം അവൾ ധീരതയോടെ നിഷേധിച്ചു . ഓഫീസർ കുറ്റപത്രം വായിക്കാൻ തുടങ്ങി ...അന്തർദേശീയ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ പ്രമുഖയായ നേതാവ് റോസാ ലക്സംബെർഗാണ് നിങ്ങൾ .നിലവിലുള്ള ഭരണവ്യവസ്ഥയ്ക്കെതിരെ പ്രവർത്തിക്കുന്നു . വിപ്ലവത്തിന് നേതൃത്വം കൊടുക്കുന്നു . ഞങ്ങൾക്കറിയേണ്ടത് നിന്നോടൊപ്പമുണ്ടായിരുന്ന ആളെകുറിച്ചാണ് ...

റോസയുമായി ഒരാൾ ഇരുൾവീണ ഇടു

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

ങ്ങിയ വഴിയിലൂടെ വരികയാണ് .അവർ ഒളിത്താവളത്തിലെത്തി . അവിടെ ആയുധങ്ങൾ



കണ്ടപ്പോൾ റോസാ പറഞ്ഞു – നമ്മൾ സമാധാന പ്രക്ഷോഭമാണ് നയിക്കുന്നത് . ആയുധമെടുത്തുള്ള യുദ്ധമല്ല . കൂടെവന്ന ആൾ അറിയിച്ചു – ആയുധങ്ങൾ പ്രതിരോധത്തിന് വേണ്ടിയുള്ളതാണ് . നമ്മെ സംരക്ഷിക്കേണ്ടത് നമ്മൾ തന്നെ

.

മറ്റൊരു മുറിയിൽ മേശയ്ക്കു ചുറ്റും ഒരു ചർച്ച നടക്കുന്നു . നേതാവ് വിശദീകരിക്കുന്നു – ഇത് സോഷ്യലിസ്റ്റ് പ്രക്ഷോഭമാണ് . നമ്മൾ ബോംബെറിയുന്നില്ല . പോലീസിനെ ആക്രമിക്കുന്നില്ല . ഈ സമരം ഒരു പൊതുപണിമുടക്കിലെത്തണം . തെരുവിൽ ലഹള ഉണ്ടായേക്കാം .അത് ഗ്രാമങ്ങളിൽ വിപ്ലവവീര്യം പടർത്തണം ...

നേതാവ് റോസയെ ശ്രദ്ധിച്ചു . അയാൾ ഗൗരവത്തോടെ എഴുന്നേറ്റ് അവളെ മറ്റൊരുഭാഗത്തേക്ക് കൂട്ടിക്കൊണ്ടുപോയി . അയാൾ ചോദിച്ചു – നിന്നോട് ഇവിടെ വരരുതെന്ന് പറഞ്ഞതല്ലേ ? റോസാ പറഞ്ഞു – നീയെന്നോടൊന്നും ആജ്ഞാപിക്കേണ്ടതില്ല . ഞാനും കൗൺസിൽ അംഗമാണ് . അയാൾ അനുനയിപ്പിച്ചു – നിന്നെക്കൊണ്ട് കൂടുതൽ പ്രയോജനം ഇപ്പോൾ പോളണ്ടിലല്ല . ബെർലിനിലാണ് . അവൾ ചോദിച്ചു – റഷ്യയിൽ വിപ്ലവം നടക്കുമ്പോൾ എനിക്ക് ബെർലിനിൽ എന്തുകാര്യം ? ഈ ചരിത്രഘട്ടത്തിൽ നിന്ന് എന്നെ ഒഴിവാക്കാനാവില്ല .

ഒരു മുറിയിൽ റോസയും നേതാവും രചന തുടരുകയാണ് . അയാൾ പരത്തി പറയുന്നത് അവൾ ഇഷ്ടപ്പെടുന്നില്ല . വാക്കുകൾ അന



ാവശ്യമാകരുത് . അയാൾ പറഞ്ഞു കൊടുക്കാൻ തുടങ്ങി – സാധാരണ ജനങ്ങൾക്ക് സോഷ്യലിസമെന്നാൽ ഒരു വികലഭാവനയാണ് . അവർക്കത്ഒരു മായാസങ്കല്പം. കേട്ടെഴുത്ത് നടത്തിക്കൊണ്ടിരുന്ന റോസയ്ക്കു സഹികെട്ടു – കണകുണാ പറയാതെ

ഫിലിം വിഷൻ



കാര്യത്തിലേക്ക് വരൂ .

ഇരുവരും വീണ്ടും തർക്കത്തിലായി . അയാൾ തീരുമാനിച്ചു – ഓ . ഇത്ഞാൻ തന്നെ എഴുതുന്നതാണ് നല്ലത് .

അവൾ ഓർമ്മിപ്പിച്ചു – അച്ചടിക്കാൻ ഒരാഴ്ച വൈകും .

അയാൾ വ്യക്തമാക്കി – മനസ്സിലാക്കാൻ ശ്രമിക്കൂ . നമുക്ക് വേണ്ടത് വൈരുധ്യാത്മകതയും സമൂല പരിഷ്കരണത്തിനായുള്ള പുതിയ ആശയവുമാണ് . വൈരുധ്യാത്മകത എന്തെന്ന് മനസ്സിലായോ ?

അവൾ തിരുത്തി – പുതിയ ആശയങ്ങൾ വികസിക്കുന്നതിന് അതിന്റേതായ സമയമെടുക്കും . കാലമാണ് ആ ഭൗതികമായ രൂപപ്പെടൽ നിർണ്ണയിക്കുന്നത് . അതാണ് വൈരുധ്യാത്മകത . അയാൾക്ക് ഉത്തരം മുട്ടി ...

അവർ ഒരു മുദ്രണശാലയിലെത്തി . പ്രസാധകൻ കയ്യെഴുത്തുപ്രതി മറിച്ചു നോക്കിയിട്ട് പുച്ഛത്തോടെ ചോദിച്ചു – നിങ്ങളാണോ ഇതിന്റെ ഗ്രന്ഥകർത്താവ് ?

റോസാ വ്യക്തമാക്കി – എല്ലാറ്റിനുമുപരി പത്രസ്വാതന്ത്ര്യത്തിന്റെ പ്രശ്നമാണ് . ഓരോരുത്തർക്കും അവരവരുടെ കാഴ്ചപ്പാടുകൾ പറയാനും എഴുതാനുമുള്ള അവകാശമുണ്ട് . പ്രസാധകൻ കയ്യെഴുത്തു പ്രതിയുടെ ഫയൽ തിരികെ കൊടുത്തുകൊണ്ട് പറഞ്ഞു – ഓരോരുത്തർക്കുമുള്ള കാര്യങ്ങൾ ഇവിടെ അച്ചടിക്കാനാവില്ല .

പെട്ടെന്ന് ചില്ല് ജനാലക്കരികിൽ രണ്ടുപേർ പ്രസാധകന് നേർക്ക് തോക്ക് ചൂണ്ടി . അന്ധാളിച്ചുപോയ പ്രസാധകൻ ഇളിഭ്യനായി . ഫയൽ തിരികെ വാങ്ങി ജോലിക്കാരനെ ഏൽപ്പിച്ചുകൊണ്ട് കൽപ്പിച്ചു – ഇത് വേഗം അച്ചടിക്കൂ ...

രാത്രിയിൽ സൈന്യം മുറിവാതിക്കലെത്തി തുറക്കാൻ ആവശ്യപ്പെട്ടു . റോസയും സഹപ്രവർത്തകനും കിടക്കയിൽ ഞെട്ടിയുണർന്നു . പോലീസ് അവർക്ക് നേരെ ഒരു വാർത്താ പത്രിക വിടർത്തി. റെഡ് ഫ്ലാഗ് . സൈനികൻ ചോദിച്ചു – നിങ്ങളാണോ ഇത് പ്രസിദ്ധീകരിച്ചത് ?

സഹപ്രവർത്തകൻ പറഞ്ഞു – ഞങ്ങൾ ജർമ്മനി യിൽ നിന്നുള്ള പത്രപ്രവർത്തകരാണ് . സൈന്യത്തോടൊപ്പം ചെല്ലാൻ ഓഫീസർ ഇരുവരോടും ആവശ്യപ്പെട്ടു .

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം
വിഷൻ

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

ജയിലിനുള്ളിൽ റോസയെ കാണാൻ സഹോദരനെത്തി . അവൾക്ക് വേണ്ടി വാദിക്കാനും ജയിൽ മോചിതയാക്കാനും അയാൾ ഒരുക്കമാണ് . പക്ഷെരാഷ്ട്രീയ നിലപാടുകൾ മാറ്റാൻ റോസാ ഒരുക്കമല്ല .

റോസാ സഹോദരന്റെ വീട്ടിലെത്തി . സഹോദരൻ മുന്നറിയിപ്പ് നൽകി- സായുധ വിപ്ലവത്തിലൂടെ രാജവാഴ്ചയെ അട്ടിമറിക്കാൻ ശ്രമിച്ചാൽ തീർച്ചയായും വിചാരണ ചെയ്യപ്പെടും . സഹോദരന്റെ കുട്ടി വാതിക്കൽ നിന്ന് റോസയെ കിടക്കയിലേക്ക് വിളിച്ചു .

റോസാ ആ കുട്ടിയുടെ അടുത്തിരുന്നു .

അമ്മായി , ഇന്നിവിടെ താങ്ങുന്നില്ലേ ?

എനിക്ക് ബെർലിനിലേക്ക് തിരികെ പോകണം

എന്തിനാ ?

ഞാൻ ജർമ്മൻ സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുകയാണ് .

യൂറോപ്പിലെ ഏറ്റവും വലിയ തൊഴിലാളി സംഘടനയാണത് .

തിരികെ വരില്ലേ ?

അറിയില്ല .നിനക്ക് ഞാൻ എഴുതാം .

അതിൽ പൂക്കൾ വെയ്ക്കുമോ ?

വെയ്ക്കാം

ഒരു പാട്ടുപാടാമോ അമ്മായി ?

കുട്ടിക്ക് വേണ്ടി റോസാ പഠാൻ തുടങ്ങി .

താഴ്വാരം ...

താഴ്വാരം ...

താഴ്വാരത്തിലെ കൊച്ചരുവി ചോദിച്ചു ,

നീയെന്തേ എന്നെ സ്നേഹിച്ചീടാത്തേ ?

ഞാനെന്നും നിനക്ക് നല്ലതല്ലയോ ?

താഴ്വാരം ...

താഴ്വാരം ...

താഴ്വാരത്തിലെ പുല്ലുമേടു ചോദിച്ചു ,

എന്തേയെന്നേ സ്നേഹിച്ചീടാത്തേ ?

ഒരുനാളിൽ ...

സിനിമയിലെ ആദ്യ ദൃശ്യങ്ങളിൽ തടവറയും ഓർമ്മകളും ഇടകലരുന്നു .ജയിൽ വിമോചിതയാവുന്ന റോസയുടെ ജീവിത



ത്തിലെ പ്രധാന സംഭവങ്ങളിലേക്കാണ് സംവിധായിക കാമറ തിരിക്കുന്നത് . മാനവികതയ്ക്കും സാർവലൗകിക ഐക്യത്തിനും സമാധാനത്തിനും വേണ്ടി നിലകൊണ്ട ഒരു സോഷ്യൽ ഡെമോക്രാറ്റ് ഒടുവിൽ അധികാരകൂടത്തെ മറിച്ചിടുവാൻ വിപ്ലവ പാത തെരഞ്ഞെടുക്കുന്നു

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033



. തത്വശാസ്ത്രത്തിൽ പുതിയ കണ്ടെത്തലുകൾ നടത്തുന്നു . പാർട്ടി നേതൃത്വം തെറ്റായ ദിശയിലും സോഷ്യൽ സാമ്രാജ്യത്വത്തിലും യുദ്ധത്തിലും വിശ്വസിക്കുമ്പോൾ പാർട്ടിക്കുള്ളിൽ ജനാധിപത്യത്തിന്റെ പുതിയ രാഷ്ട്രീയം വികസിക്കേണ്ടുന്ന ആവശ്യകതയിൽ ഊന്നുന്നു . ഒന്നാം ലോകമഹായുദ്ധം കഴിയുന്നതോടെ അധികാരം സ്ഥാപിക്കുന്ന വൈമർ റിപ്പബ്ലിക് ഭരണകൂടത്തിന്റെ സൈന്യത്താൽ രക്തസാക്ഷിയാവുന്നു .

ലോകമാർക്സിസ്റ്റ് ചിന്താധാരയിലെ ലെനിനിസ്റ്റുകളും സോഷ്യൽ ഡെമോക്രറ്റുകളും നിരന്തരം പരിശോധിക്കുന്ന സിദ്ധാന്തങ്ങളാണ് റോസയുടേത് . ജർമ്മൻ ഇടതുപക്ഷ ചിന്തകരിൽ സമുന്നത സ്ഥാനമാണ് റോസയ്ക്കും കാൾ ലീബ് നിഷ്റ്റിനും ഉള്ളത് .

1913-ൽ എഴുതിയ മൂലധനത്തിന്റെ സഞ്ചയം അഥവാ അതിസമ്പാദനം എന്ന കൃതിയിലും സാമൂഹിക പരിഷ്കരണം അഥവാ വിപ്ലവം എന്ന കൃതിയിലും ജർമ്മനിയിലെ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ പാർലമെന്ററി കാപട്യത്തേയും അതിനുള്ളിൽ മറഞ്ഞിരിക്കുന്ന രാഷ്ട്രീയ ചൂഷണത്തെയും അവൾ തുറന്നുകാട്ടി .

മൂലധന സഞ്ചയവും അധ്വാന ശക്തിയും തമ്മിലുള്ള വിടവ് വിശകലനം ചെയ്തു . യഥാർത്ഥ അധ്വാന ശക്തിയിൽ നിന്ന് അകന്നുപോകുന്ന ഔദ്യോഗിക രാഷ്ട്രീയം സോഷ്യൽ മുതലാളിത്തവും ക്രമേണ സോഷ്യൽ സാമ്രാജ്യത്വവുമായി മാറുമെന്ന് സിദ്ധാന്തിച്ചു . സോഷ്യൽ ഡെമോക്രസിയുടെ ആന്തരികസത്ത പാർട്ടിക്കുള്ളിലും വ്യവസ്ഥിതിയിലും പുതിയ വികാസങ്ങൾക്ക് രൂപം കൊടുക്കുമെന്നും പുതിയ തത്വശാസ്ത്രം തനിയെ വിടരു മെന്നും വാദിച്ചു .

മാനവികതയുടെ അർത്ഥവ്യാപ്തിയിൽ അയൽ രാജ്യങ്ങളുമായുള്ള നിരന്തര യുദ്ധം ഒഴിവാക്കേണ്ടതാണ്.ഏകാധിപത്യ സമ്പ്രദായങ്ങളിലേക്ക് വിപ്ലവം വഴിതെറ്റാതെ ജനാധിപത്യ പ്രക്രിയ ശക്തമാവുന്നത് നിരന്തര വിപ്ലവത്തിലൂടെയാണെന്നു റോസാ വ്യാഖ്യാനിച്ചു .

സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ബെർലിനിലെ വിദ്യാകേന്ദ്രത്തിൽ മാർക്സിസവും സമ്പദ് ശാസ്ത്രവും റോസാ പഠിപ്പി

ഫിലിം
വിഷൻ
filca FILM LOVERS CULTURAL ASSOCIATION
കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033

ച്ചു . വൈമർ റിപ്പബ്ലിക് രൂപീകരിച്ചപ്പോൾ പ്രഥമ പ്രസിഡൻറ് ആയിത്തീർന്ന ഫ്രെഡറിക്ക് ഇബെർട്ട് വാസ്തവത്തിൽ റോസയുടെ ശിഷ്യനാണ് .

ഫ്രാങ്ക്ഫർട്ടിൽ റോസാ നയിച്ച യുദ്ധവിരുദ്ധ പ്രക്ഷോഭത്തിൽ സോഷ്യലിസ്റ്റ് ഐക്യത്തിന്റെ പേരിൽ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാൻ ജർമ്മൻ -ഫ്രഞ്ച് സൈനികരെ ആഹ്വാനം ചെയ്തു . 1917 -ൽ റോസയും ലീബ് നിഷ്ട്ടും ചേർന്ന് രൂപീകരിച്ച സ്പാർട്ടക്കസ് ലീഗ് മറ്റൊരു രാഷ്ട്രീയ പാർട്ടിയായ ഇൻഡിപെൻഡൻറ് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി യിൽ ലയിച്ചു . യുദ്ധാനന്തരം 1918 -ൽ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ജർമ്മനിയിൽ വൈമർ റിപ്പബ്ലിക് സ്ഥാപിച്ചപ്പോൾ ആ ഭരണകൂടത്തിനെതിരെ നിലകൊണ്ട റോസയ്ക്കു അത് റിപ്പബ്ലിക്കുകാർ ഇല്ലാത്ത റിപ്പബ്ലിക് ആയിരുന്നു .

ജയിൽ മോചിതയായ റോസയും ലീബ് നിഷ്ട്ടും ബെർലിൻ വെച്ച് ഒരു സ്വതന്ത്ര സോഷ്യലിസ്റ്റ് റിപ്പബ്ലിക് പ്രഖ്യാപിക്കുകയുണ്ടായി . സ്പാർട്ടക്കസ്‌ലീഗ് വീണ്ടും സംഘടിക്കുകയും റെഡ് ഫ്ലാഗ് എന്ന പത്രം ആരംഭിക്കുകയും ചെയ്തു . രാഷ്ട്രീയ തടവുകാർക്ക് നൽകുന്ന വധശിക്ഷയ്ക്ക് എതിരെ ശബ്ദമുയർത്തി . ഇതേ സമയം ലെനിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് റഷ്യയിലെ പത്രങ്ങൾക്കു ഏർപ്പെടുത്തിയ സെൻസർഷിപ്പിനെയും റോസാ വിമർശിച്ചു .

1919 -ൽ ലീബ് നിഷ്ട്ടിന്റെയും റോസായുടെയും നേതൃത്വത്തിൽ ജർമ്മനിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാപിതമായെങ്കിലും വൈമർ റിപ്പബ്ലിക്കിന്റെ ദേശീയ പാർലമെന്റ് തെരഞ്ഞെടുപ്പിനെ ബഹിഷ്കരിച്ചു .

അങ്ങനെ പഴയ സ്പാർട്ടക്കസ് ലീഗ് വിഭാഗം ബെർലിനിൽ പ്രക്ഷോഭം ആരംഭിച്ചു . ഈ ജനകീയ വിപ്ലവത്തെയാണ് റോസയുടെ ശിഷ്യൻ ഫ്രഡറിക് ഇബെർട് പ്രസിഡന്റ് ആയ വൈമർ ഭരണകൂടം അമർച്ച ചെയ്തതും ഒട്ടേറെ പേർ രക്തസാക്ഷികളായ ഈ വിപ്ലവത്തിൽ റോസാ ലക്സം ബെർഗിനെ വെടിവെച്ചു വധിച്ച് കനാലിൽ എറിഞ്ഞതും .

## സഫ്രെജെറ്റ്

ആധുനിക ലോകചരിത്രത്തിലേക്ക് എത്തിനോക്കിയാൽ 1960 -കളിൽ ആരംഭിച്ച് 1980 -കളിൽ ലോകമാകെ വ്യാപിച്ച സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ സേവന രംഗത്തും ബൗദ്ധികമേഖലകളിലും രാഷ്ട്രീയ -സാംസ്കാരിക ഭൂമികയിലും അഭൂതപൂർവമായ മുന്നേറ്റങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായി കാണാം . വിദ്യാഭ്യാസ - ഗവേഷണ തലങ്ങളിലും ഭരണനിർവഹണത്തിലും മികവുറ്റ മാതൃകകളുണ്ട് . നൂറ്റാണ്ടു കളുടെ ഏടുകൾപിന്നോട്ട് മറിച്ചാൽ യുദ്ധത്തിൽ

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

# ഫിലിം വിഷൻ

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033




പോലും വനിതകളുടെ നേതൃത്വം ചരിത്ര ഗാഥയാണ് .

ആധുനിക ലോകത്ത് അടിമകൾക്കും പ്രജകൾക്കും പകരം പൗരസമൂഹം ഉയർന്നുവന്ന ദേശങ്ങളിൽ അധ്വാനിക്കുന്ന സ്ത്രീകൾക്ക് സാമൂഹികനിർമ്മിതിയിലും മനുഷ്യാവകാശത്തിലും ശബ്ദമുയർത്താൻ സാധിച്ചു . സർവ്വരാജ്യ തൊഴിലാളികളെ സംഘടിക്കുവിൻ എന്നതിനൊപ്പം സർവ്വരാജ്യ വനിതകളെ സംഘടിക്കുവിൻ എന്ന മുദ്രാവാക്യവും വ്യാപിച്ചു . സ്ത്രീയുടെ സ്വാതന്ത്ര്യവും അവകാശവും ചർച്ച ചെയ്യപ്പെട്ടു .

കുടുംബത്തിന്റെ ഘടനയിലും സാമൂഹിക ഘടനയിലും സ്ത്രീകളുടെ പങ്ക് നിർണ്ണായകമായപ്പോൾ അതിന്റേതായൊരു വിചാരധാരയും തത്വശാസ്ത്രവും രൂപപ്പെട്ടു . ഇതിനെല്ലാം പ്രധാന തുടക്കമായത് ഒന്നാം ലോകമഹായുദ്ധത്തിനു തൊട്ടു മുൻപായി ഇംഗ്ലണ്ടിൽ ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിയുടെ കാലത്ത് വനിതകൾ പൊതുഭരണ സമിതിയിൽ തങ്ങളുടെ വോട്ടവകാശത്തിനു വേണ്ടിയുള്ള പ്രക്ഷോഭം ആരംഭിച്ചതോടെയാണ് .സഫ്രജെറ്റ് എന്ന സിനിമയിൽ ആ ചരിത്രത്തിൻറെ തിരയിളക്കമാണുള്ളത് . സ്ത്രീയും പ്രകൃതിയും സ്ത്രീയും കുടുംബവും സ്ത്രീയും സമൂഹവും എന്നിങ്ങനെ വിവിധ തട്ടുകളിലുള്ള പഠനങ്ങൾ ഉർവ്വരമായപ്പോൾ പരിസ്ഥിതി, ആവാസവ്യവസ്ഥ , പ്രകൃതിയുടെ സന്തുലിതാവസ്ഥ എന്നീ വിഷയങ്ങളിൽ പോലും സ്ത്രീത്വ കൽപ്പന ഇടം

# ഫിലിം വിഷൻ



പിടിച്ചു . ഫെമിനിസവും ഇക്കോളജിയും ചേർത്ത് ഫെമിക്കോളജി എന്ന ദർശനം വരെ രൂപപ്പെട്ടു . പുരാതന ദേവതാ സങ്കൽപ്പങ്ങൾക്കും മിത്തുകൾക്കും പുനർവ്യാഖ്യാനമുണ്ടായി .

തൊഴിലിടങ്ങളിലെ , പൊതുസമൂഹത്തിലെ പൗരബോധവുമായി ബന്ധപ്പെട്ട രാഷ്ട്രീയ ബോധനം ഇംഗ്ലണ്ടിലെ സ്ത്രീകളെ വോട്ടവകാശത്തിനു വേണ്ടി സമരത്തിലെത്തിച്ച സംഭവമാണ് സാറാ ഗാവ്റോൺ എന്ന സംവിധായക ആവിഷ്കരിക്കുന്നത് .

സിനിമയിൽ സാധാരണ സ്ത്രീകൾക്കും പ്രാധാന്യം കൊടുത്തിരിക്കുന്നു .മൗഡ് വാട്ട്സ് എന്ന അലക്ക് തൊഴിലാളി ഒരു ദിവസം വനിതാ പ്രക്ഷോഭത്തിനിടയിൽ വെച്ച് അറസ്റ്റു ചെയ്യപ്പെടുന്നു . ജയിലിൽ വെച്ച് സമര നായികയായ എമിലിയെ പരിചയപ്പെട്ടു . പിന്നീട് ജയിൽ വിമോചിതരായപ്പോൾ എമിലിയുടെ പ്രസംഗം കേൾക്കുന്ന മൗഡ് വാട്ട്സ്വീണ്ടും അറസ്റ്റിലായി . അതോടെ ഭർത്താവു ഇടയുന്നു . അവൾ വീട്ടിൽ നിന്നും പുറത്താക്കപ്പെട്ടു . അലക്ക് കമ്പനിയിലെ ജോലിയും നഷ്ടമായി .

പെൺകുട്ടികളെ ലൈംഗികമായി ഉപയോഗിക്കുന്ന സൂപ്പർവൈസറുടെ കയ്യിൽ മൗഡ് പൊള്ളലേൽപ്പിക്കുന്നു . സമരത്തെ ഒറ്റിക്കൊടുക്കാൻ അവൾ തയ്യാറല്ല . മാത്രമല്ല സമരം ശക്തമാകുന്ന ഘട്ടത്തിൽ അതിൽ പങ്ക് ചേരുകയും ചെയ്യുന്നു .
ജോലിയിൽ നിന്നും പുറത്താക്കപ്പെട്ട എമിലി 1909 –ൽ ബ്രിട്ടീഷ് പ്രധാനമന്ത്രിയെ കാണാനായി പാർലമെന്റ് മന്ദിരത്തിലേക്ക് മാർച്ച് ചെയ്തവരിൽ ഒരാളാണ് . എമിലിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട സംഘടനയാണ് WSPU . Women's Social and Political Union . പ്രക്ഷോഭം പലപ്പോഴും അക്രമാസക്തമായി . കല്ലേറും ബോംബ് സ്ഫോടനങ്ങളും . വോട്ടവകാശത്തിനു വേണ്ടി സമരം ചെയ്യുന്ന വനിതകൾ , സഫ്രജെറ്റുകൾ ,ജയിലിൽ ലൈംഗികമായും പീഡിപ്പിക്കപ്പെട്ടു .
കൂടുതൽ ശക്തമായ സമരത്തിന് എമിലിയോടൊപ്പം മൗഡ് വാട്ട്സുംചേരുന്നു . 1913 ജൂണിൽ ജോർജ്ജ് അഞ്ചാമൻ ചക്രവർത്തി പങ്കെടുത്ത കുതിരപ്പന്തയ വീഥിയിൽ വനിതാ പ്രസ്ഥാനത്തിന്റെ പതാകയുമായി എമിലി കടന്നുചെ

# ഫിലിം വിഷൻ

ന്നു . കുതിരയുടെ തൊഴിയേറ്റ എമിലിയുടെ തലയോട് പൊട്ടി . സഫ്രജെറ്റ് സമരപ്രസ്ഥാനത്തിനു വേണ്ടി രക്തസാക്ഷിയായി.എമിലി ഡേവിസന്റെ ശവസംസ്കാര ശുശ്രൂഷ ആയിരക്കണക്കിന് വനിതകളുടെ ജാഥയോടെയാണ് നടന്നത് . ഒന്നാം ലോക മഹായുദ്ധം കഴിഞ്ഞപ്പോൾ 1918 -ൽ വനിതകൾക്ക് ആദ്യമായി വോട്ടവകാശം അനുവദിക്കപ്പെട്ടു . വനിതകൾക്ക് മക്കളുടെ മേലുള്ള അവകാശവും ലഭിച്ചു .

## സെവൻ ബ്യൂട്ടിഫുൾസ്

മികച്ച സംവിധാനത്തിന് അക്കാദമി അവാർഡ് നേടിയ ആദ്യ വനിതയാണ് ഇറ്റലിയിലെ ലീന വെർട് മുള്ളർ . പാസ്കിലിനോ എന്ന ഒരു സുന്ദരവിഡ്ഢിയുടെ സാഹസിക കഥപറയുന്ന ഏഴ് സുന്ദരികൾ എന്ന ഈ സിനിമ രണ്ടാം ലോക മഹായുദ്ധ പശ്ചാത്തലത്തിൽ നാസി - ഫാസിസ്റ്റ് ഭീകരതയ്ക്ക് മുന്നിൽ നന്മയ്ക്കും മനുഷ്യരക്ഷയ്ക്കും വേണ്ടി ജീവത്യാഗം ചെയ്യേണ്ടി വന്ന നിസ്സഹായരുടെ കഥ കൂടിയാണ് .

നേപ്പിൾസ് പട്ടണവാസിയായ പാസ്കിലിനോയ്ക്ക് ഒരു പ്രണയബന്ധമുണ്ട്. അതുകൊണ്ടുതന്നെ അയാളുടെ കുടുംബത്തിന്റെ അന്തസ്സ് സൂക്ഷിക്കേണ്ടതും പൊലിപ്പിക്കേണ്ടതും ആവശ്യമായി വരുന്നു .മാന്യനും സമർത്ഥനുമായി മറ്റുള്ളവർക്ക് മുന്നിൽ ജീവിക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു . ആകർഷണീയ വേഷം ധരിക്കാൻ അയാൾ ശ്രദ്ധിക്കുന്നു . ഉള്ളിലെ പ്രണയം സഫലീകരിക്കാൻ ഏതു സാഹസത്തിനും ആ കോമാളി അല്ലെങ്കിൽ പാവം വിഡ്ഢി തയ്യാറാവുന്നു .




ഏഴ് സഹോദരിമാർ അയാൾക്കുണ്ട് . അയാൾക്ക് അവർ ഏഴ് സുന്ദരികൾ തന്നെ . അവരുടെ അന്തസ്സുറ്റ ജീവിതം കാത്തുസൂക്ഷിക്കേണ്ടത് അയാൾക്ക് ഒരു ബാധ്യതയാണ് . ഒരിക്കൽ തന്റെ ഒരു സഹോദരിയെ വേശ്യാവൃത്തിക്ക് ഉപയോഗിച്ച ഒരു കൂട്ടിക്കൊടുപ്പുകാരനെ പാസ്കിലിനോ കൊല്ലുന്നു . മൃതദേഹം പല കഷണങ്ങളാക്കി ഒരു സ്യൂട്ട്കേസിലാക്കി പുറംപോക്കിൽ തള്ളുന്നു . ആരും അറിയില്ലെന്ന് കരുതിയെങ്കിലും അയാൾ പോലീസിന്റെ പിടിയിലായി . പാസ്കിലിനോ കുറ്റം സമ്മതിച്ചു .

വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം
വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ
ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം 695 033



കേസിൽ നിന്ന് രക്ഷപെടാൻ മാനസിക വിഭ്രാന്തിയുള്ള ആളായി പൊലീസിന് മുന്നിൽ അഭിനയിക്കുന്നു . ഭ്രാന്തനാണെന്ന് വരെ ബോധ്യപ്പെടുത്തുന്നു . എന്നാൽ മാനസിക രോഗികൾക്കുള്ള വാർഡിൽ 12 വർഷത്തെ തടവിന് ശിക്ഷിക്കപ്പെടുന്നു . ഒളിച്ചുകടക്കാനുള്ള ശ്രമങ്ങളും പരാജയപ്പെട്ടു . നിരാശനായ പാസ്കിലിനോ ഇറ്റാലിയൻ സൈന്യത്തിന് വേണ്ടി സേവനമനുഷ്ഠിക്കാൻ തുടങ്ങി .

നാസി – ഫാസിസ്റ്റ് ഭരണത്തെ എതിർക്കുന്ന ഒരു ഇടതുപക്ഷ രാഷ്ട്രീയപ്രവർത്തകനുമൊത്തു സൈന്യത്തിൽ നിന്ന് രക്ഷപ്പെടുന്നു. പക്ഷെ സൈന്യം അയാളെ പിടികൂടി . നാസികളുടെ കോൺസെൻട്രേഷൻ ക്യാംപിലേക്കാണ് അയാളെ അയക്കുന്നത് . നാസി തടങ്കൽ പാളയത്തിൽ വെച്ച് കണ്ടുമുട്ടുന്ന ഒരു വനിതാ പട്ടാള ഓഫീസർക്ക് പാസ്കിലിനോ പൂർണ്ണ വിധേയനായി . അവളെ സ്വാധീനിച്ചാൽ തടവിൽ നിന്ന് മാറിനിൽക്കാമെന്നും തടങ്കൽ പാളയത്തിൽ നിന്ന് രക്ഷപ്പെടാമെന്നും അയാൾ കണക്കുകൂട്ടുന്നു . വനിതാ പട്ടാള ഓഫീസർക്ക് അയാൾ ലൈംഗിക സംതൃപ്തി നൽകി പ്രീതിപ്പെടുത്തി. പക്ഷെ അയാളുടെ ഗൂഢമായ ഉദ്ദേശത്തിനു വിരുദ്ധമായി ഒരു ബാരക്കിന്റെ ചുമതല അയാൾ വഹിക്കേണ്ടി വരുന്നു .



ആ ബാരക്കിലുള്ളവർ എല്ലാവരും വധിക്കപ്പെടാൻ പോകുകയാണ് . എല്ലാവരും വധിക്കപ്പെടുന്നത് ഒഴിവാക്കാൻ ആറു പേരെ മാത്രം വധിക്കാൻ ഓഫീസർ നിശ്ചയിക്കുന്നു . ആറുപേരെ തെരഞ്ഞെടുക്കേണ്ടത് പാസ്കിലിനോയാണ് . സൈന്യത്തെ തൃപ്തിപ്പെടുത്താൻ , നാസി വിരുദ്ധരായവരെ, തന്നെ തടവ് ചാടാൻ സഹായിച്ച കൂട്ടുകാരൻ ഉൾപ്പടെ നിസ്സഹായരായ ആറുപേരെ പാസ്കിലിനോ

ഫിലിം വിഷൻ

filca FILM LOVERS CULTURAL ASSOCIATION

കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പ്
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി തിരുവനന്തപുരം 695 033

തെരെഞ്ഞെടുത്തു . നിരപരാധികളുടെ രക്ത സാക്ഷിത്വ ചരിത്രത്തിൽ ബാരക്കിലുള്ളവരും ഉൾപ്പെടുന്നു . രണ്ടാം ലോകയുദ്ധം അവസാനിക്കുന്നതോടെ പാസ്കിലിനോ നേപ്പിൾസിലേക്ക് മടങ്ങി . തന്റെ ഏഴു സഹോദരിമാരും കാമുകിയും സുരക്ഷിതരായി ജീവിക്കുന്നു എന്ന് കാണുമ്പോൾ തന്റെ പ്രവൃത്തിയിൽ അയാൾ സന്തോഷിക്കുന്നു . കാമുകിയെ എത്രയും വേഗം അയാൾക്ക് വിവാഹം കഴിക്കണം . അവളെ അതിനായി അയാൾ നിർബന്ധിക്കുന്നു .

## അൺ ബറീഡ് മാൻ

രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ഹംഗറിയിൽ , സോവിയറ്റ് സൈന്യത്തിന്റെ പ്രതിനിധിയായായി , ഭരണാധിപനായി അവരോധിക്കപ്പെട്ട മത്യാസ് റകോസി സ്റ്റാലിനിസ്റ്റ് രീതിയിൽ കടുത്ത സോഷ്യലിസ്റ്റ് താല്പര്യക്കാരനായിരുന്നു . കർഷകരും തൊഴിലാളികളും സ്വതന്ത്ര ചിന്തകരും





വിദ്യാർത്ഥികളും ജനകീയ ഭരണം ഉറപ്പാക്കാൻ പ്രക്ഷോഭത്തിന് ഒരുങ്ങിക്കൊണ്ടിരുന്നു 1953 -ൽ ജോസഫ് സ്റ്റാലിൻ മരിച്ചപ്പോൾ റഷ്യയിൽ ക്രൂഷ്ചേവ് അധികാരിയായി . 1956 -ൽ ഹംഗറിയിൽ , വേതന വ്യവസ്ഥയിൽ മൗലികമായ ചില പരിഷ്കാരങ്ങൾ തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടു. സോവിയറ്റ് സൈന്യം ഹംഗറിയിൽ നിന്ന് പിന്മാറുക , ഹംഗറിയെ നിഷ്പക്ഷമാക്കുക , വാർത്താ മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക തുടങ്ങി പതിനാറ് ആവശ്യങ്ങൾ പ്രക്ഷോഭകർ ഉന്നയിച്ചു . ഒക്ടോബർ 23 -ന് നൂറുകണക്കിന് പേർ പാർലമെൻറ് ചത്വരത്തിലേക്ക് പ്രകടനം നയിച്ചു .വിദ്യാർഥികൾ റേഡിയോ സ്റ്റേഷൻ പിടിച്ചെടുത്തു . സൈന്യത്തിന്റെവെടിവെയ്പ്പുണ്ടായി . തെരുവുകളിൽ രക്തമൊഴുകി .

ജനകീയ ഭരണം സ്ഥാപിക്കപ്പെട്ടു. ഹംഗറിയൻ ദേശീയവാദിയും സമരനേതാവുമായ ഇമ്രേ നാഗി ( IMRE NAGI ) പ്രധാന

ഫിലിം വിഷൻ

മന്ത്രിയായി . താമസിയാതെ ജനകീയ വിപ്ലവത്തെ അടിച്ചമർത്താൻ ക്രൂഷ്ചേവ് ഇടപെട്ടു. നവംബർ 3 -ന് സോവിയറ്റ് സൈന്യം ബുഡാപെസ്റ്റ് വളഞ്ഞു .



യൂഗോസ്ലാവിയൻ എംബസിയിൽ അഭയം തേടിയ ഇമ്രേ നാഗിയും കുടുംബവും അന്തർദേശീയ സംഘടനകളുടെയും സഖ്യങ്ങളുടെയും യൂ .എൻ . സഭയുടെയും ഒരു തീരുമാനത്തിനായി കാത്തു . റഷ്യൻ സൈനിക പിന്തുണയോടെ ജാനോസ് കേഡർ പ്രധാനമന്ത്രിയായി .

നാഗിയേയും കുടുംബത്തെയും സംരക്ഷിക്കും എന്ന വ്യാജ ഉറപ്പിന്മേൽ ഇമ്രേ നാഗിയെയും കുടുംബത്തെയും യുഗോസ്ലാവ്യൻ എംബസിയിൽ നിന്ന് എവിടേയ്ക്കോ കൊണ്ടുപോയി. വിമാനത്താവളത്തിൽ വെച്ച് നാഗിയെ ഭാര്യയോടൊപ്പം കുടുംബങ്ങളിൽ നിന്നും വേർപെടുത്തി . അവരെ റൊമാന്യയിലേക്കാണ് കൊണ്ടുപോയത് . മാസങ്ങൾ പിന്നിട്ടപ്പോൾ വിചാരണയ്ക്കായി തിരികെ ഇമ്രേ നാഗിയെ ബുഡാപെസ്റ്റിൽ കൊണ്ടുവന്നു. വിചാരണ നടന്നു .ഇമ്രേ നാഗി തന്റെ ദേശീയ സ്വാതന്ത്ര്യത്തിന്റെ നിലപാടിൽ ഉറച്ചു നിന്നു . രാജ്യസ്നേഹം എന്താണെന്നു ഭാവിതലമുറയ്ക്ക് മനസിലാവണമെങ്കിൽ താൻ തന്റെ രാഷ്ട്രീയ നിലപാടിൽ ധീരതയോടെ ഉറച്ചുനിൽക്കേണ്ടതുണ്ടെന്നു ഇമ്രേ നാഗി പ്രഖ്യാപിച്ചു . തുടർന്ന് സൈനീക കോടതി അദ്ദേഹത്തെ തൂക്കിലേറ്റി.

ശവം ആരുമറിയാത്തിടത്താണ് മറവ് ചെയ്തത് . പതിറ്റാണ്ടുകൾ കഴിഞ്ഞ് 1990-കളിൽ റഷ്യയിലും ഹംഗറിയിലും ഭരണമാറ്റം വന്നപ്പോൾ ദേശീയ നായകനായ ഇമ്രേ നാഗി വീണ്ടും ഓർമ്മിക്കപ്പെട്ടു. മൃതദേഹം കണ്ടെത്തി ദേശീയ ആദരവോടെ സംസ്കരിച്ചു.



വോള്യം5 ലക്കം115 മെയ് 2023 ഇംഗ്ലീഷ്- മലയാളം

ഫിലിം വിഷൻ

ഇമ്രേ നാഗിയുടെ മകളുടെ കുറിപ്പുകളിലൂടെ വെളിപ്പെടുന്ന രാഷ്ട്രീയ ചരിത്രമാണ് അൺ ബറീഡ് മാൻ.

ലോകസിനിമയിലെ ഏറ്റവും പ്രമുഖയായ വനിതാ സംവിധായക മാർത്ത മെസാറോസ് ആവിഷ്കരിച്ച ഈ ചലച്ചിത്ര കലാസൃഷ്ടി കഴിഞ്ഞ നൂറ്റാണ്ടിന്റെ അപഗ്രഥന ചരിത്രപാഠത്തിലെ പ്രധാന അധ്യായമാണ്



MAKE UP FOR

# LOST TIME

PACK UP FOR

# KERALA



'WORLD'S GREATEST PLACES TO VISIT IN 2022'
TIME

Make up for those missed family times,
the idle banters, the laughter riots...
Pack up for the backwaters, beaches,
hill stations and jungles of Kerala.

kerala
*God's Own Country*
keralatourism.org

കേരള സർക്കാർ

# കേരള
# സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

# സൗഭാഗ്യം
## ഇപ്പോൾ
## എല്ലാ ദിവസവും

**ഞായർ**
അക്ഷയ
ഒന്നാം സമ്മാനം
₹70 ലക്ഷം

**തിങ്കൾ**
വിൻവിൻ
ഒന്നാം സമ്മാനം
₹75 ലക്ഷം

**ചൊവ്വ**
സ്ത്രീശക്തി
ഒന്നാം സമ്മാനം
₹75 ലക്ഷം

**ബുധൻ**
ഫിഫ്റ്റി-ഫിഫ്റ്റി
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില ₹50

**വ്യാഴം**
കാരുണ്യപ്ലസ്
ഒന്നാം സമ്മാനം
₹80 ലക്ഷം

**വെള്ളി**
നിർമൽ
ഒന്നാം സമ്മാനം
₹70 ലക്ഷം

**ശനി**
കാരുണ്യ
ഒന്നാം സമ്മാനം
₹80 ലക്ഷം

ബുധനാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ നറുക്കെടുക്കുന്ന ടിക്കറ്റുകൾക്ക്
ടിക്കറ്റ് വില
₹40
മാത്രം

കേരള സംസ്ഥാന ഭാഗ്യക്കുറി
വിശ്വസ്തം....സുതാര്യം...ജനകീയം


FILM VISION Monthly May 2023 Rs.2/- RNI-KER BIL/2002/8043

| Memberhip | | Payment to : |
|---|---|---|
| Annual | : 300/- | Name : FILCA |
| Students | : 150/- | A/C 5700 118 1947<br>State Bank of India |
| Life-time | : 2000/- | Branch : Poojappura<br>IFSC - SBIN 0070032 |

*Please whatsApp payment image to 8089036090*

Reg.No.T-1665/1999
www.filca.in
Email : filcakerala@gmail.com
Ph.808906090

ഫിൽക ഫിലിം സൊസൈറ്റിയുടെ ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്......
മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം 13-ാം പതിപ്പ്
മുഖവില 250/- അംഗങ്ങൾക്ക് 200/-
ഓൺലൈനിൽ ലഭിക്കുവാൻ www.peerbey.com




Chief Editor- Dr.B. Radhakrishnan./Associate Editors- Joy Mulukattil, Vijayadas Pandit./DTP, Page setting and Graphic design Shaji Cad
Circulation- Vinodhkumar.P/PRO- Meril.P./
Editor and Publisher-Sabu Sankar,
General Secretary,FILCA,PB 2224,Trivandrum-10.Kerala